കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കരുവാറ്റ ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2018-19


കേരള സംസ്ഥാന ഓഡിറ്റ് ആലപ്പുഴ ജില്ലാ

സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-എ.എൽ.പി-പി3-1032/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം

ആലപ്പുഴ ജില്ല

തീയതി.28.12.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കരുവാറ്റ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കരുവാറ്റ ഗ്രാമപഞ്ചായത്ത് - 2018-19സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കരുവാറ്റ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ഗ്രാമപഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-എ.എൽ.പി-പി3-1032/2019 തീയതി:28.12.2019

# ആലപ്പുഴ ജില്ലയിലെ കരുവാറ്റ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

ആലപ്പുഴ ജില്ലയിലെ കരുവാറ്റ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമ പഞ്ചായത്ത് 01.10.2018 മുതൽ 31.08.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 25 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | സന്തോഷ്.കെ.വി<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19.09.2019 മുതൽ 01.10.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.വി.മായ, ഓഡിറ്റ് ഓഫീസർ<br>ശ്രീ.രാജേഷ്.കെ.ജി., അസി.ഓഡിറ്റ് ഓഫീസർ<br>ശ്രീമതി.സജിമോൾ.വി, സീനിയർ ഗ്രേഡ് ഓഡിറ്റർ (19.09.2019 മുതൽ 30.09.2019 വരെ)<br>ശ്രീമതി. രാജിമോൾ.പി.സി., ഓഡിറ്റർ (19.09.2019 മുതൽ 30.09.2019 വരെ) |

(ബി)നിർവ്വഹണാധികാരികള്

**പ്രസിഡന്റ്**

| | |
|---|---|
| ശ്രീമതി. സി.സുജാത | 01.04.2018 മുതൽ 31.03.2019 വരെ |

**സെക്രട്ടറി**

| | |
|---|---|
| ശ്രീമതി. ദീപ്തി നായർ | 01.04.2018 മുതൽ 11.12.2018 വരെ<br>31.12.2018 മുതൽ 31.03.2019 വരെ |
| ശ്രീമതി. ഷാമില.എൻ | 12.12.2018 മുതൽ 30.12.2018 വരെ |

**മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി. വിജി.വി | 01.04.2018 മുതൽ 28.02.2019 വരെ |
| | ശ്രീമതി. ഹണി.എ | 01.03.2019 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | ഡോ.അഞ്ജു ശ്രീധരൻ | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ.ഷൈനി. ആർ | 01.04.2018 മുതൽ 18.09.2018 വരെ |
| | ഡോ. അനീഷ്.പി | 19.09.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ. ആർ.ശ്രീജ | 01.04.2018 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | ശ്രീമതി. ആർ. ഗംഗാദേവി | 01.04.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ. സുൾഫിക്കർ. ജെ | 01.04.2018 മുതൽ 05.09.2018 വരെ |
| | ഡോ.രേഖ സാഗർ | 06.09.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ശ്രീമതി.ഷീല ദേവസ്യ | 01.04.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ., കരുവാറ്റ നോർത്ത്<br>(വി.ഇ.ഒ – 1) | ശ്രീമതി.ധന്യ.ജെ | 01.04.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ., കരുവാറ്റ സൗത്ത്<br>(വി.ഇ.ഒ – 2) | ശ്രീമതി.കവിത.ആർ.പി | 01.04.2018 മുതൽ 31.03.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.ഗീത.എസ്. | 01.04.2018 മുതൽ 31.03.2019 വരെ |
| ഹെഡ് മിസ്ട്രസ്, ഗവ.എൽ.പി.എസ്, കുമാരപുരം | ശ്രീമതി.ഷാനിദ | 01.04.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.ബീന.എസ് | 01.04.2018 മുതൽ 06.08.2018 വരെ |
| | ശ്രീമതി.സീമ റോസ് | 07.08.2018 മുതൽ 09.10.2018 വരെ |
| | ശ്രീമതി.ഷാമില. എൻ | 10.10.2018 മുതൽ 31.03.2019 വരെ |

**ഉള്ളടക്കം**

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ഇനം |
|---|---|---|

| | | |
|---|---|---|
| 1 | 1-1മുതൽ 1-11 വരെ | ബജറ്റ് |
| 2 | 1-12 | ലക്ഷങ്ങൾ ചെലവഴിച്ച് നിർമ്മിച്ച ആധുനിക മത്സ്യ മാർക്കറ്റ് പ്രവർത്തിക്കുന്നില്ല. |
| 3 | 1-13 | ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് സംബന്ധിച്ച് |
| 4 | 1-14 | തൊഴിൽ നികുതി |
| 5 | 1-15 | കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടിയില്ല. |
| 6 | 1-16 | ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർഫീ ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല. |
| 7 | 1-17 | ഉത്പാദനപരമല്ലാത്ത ബോധവത്ക്കരണ പ്രവൃത്തികൾക്കായി വികസനഫണ്ട് ചെലവഴിച്ചു. |
| 8 | 1-18 | എസ്.സി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങൽ - ഒരു ഗുണഭോക്താവിന് പഠനോപകരണം നൽകിയിട്ടില്ല. |
| 9 | 1-19 | ബാലസഭ – വികസനഫണ്ടിൽ നിന്നും അധികതുക ചെലവഴിച്ചു. |
| 10 | 1-20 | സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് - നിർവ്വഹണത്തിലെ അപാകതകൾ |
| 11 | 1-21 | തുക സ്ഥാപനങ്ങൾക്ക് മുൻകൂറായി നൽകിയെങ്കിലും മരുന്നുകളും മെഡിക്കൽ ഉപകരണങ്ങളും ലഭിച്ചിട്ടില്ല. |
| 12 | 1-22 | ഇടവിളകൃഷി- പ്രോജക്ട് നിർവ്വഹണത്തിലെ ന്യൂനതകൾ |
| 13 | 1-23 | ജാഗ്രതാസമിതി-പ്രവർത്തനം ആരംഭിച്ചിട്ടില്ല |
| 14 | 1-24 | പൊതുടാപ്പുകളുടെ വെള്ളക്കരം - സംയുക്തപരിശോധന നടത്തിയിട്ടില്ല |
| 15 | 1-25 | അഗതി രഹിത കേരളം- പ്രോജക്ട് രൂപീകരിച്ച് പദ്ധതിപ്പണം കൈമാറിയെങ്കിലും ലക്ഷ്യം കൈവരിച്ചില്ല |
| 16 | 1-26 | പ്രവൃത്തി പൂർത്തീകരണ കാല താമസത്തിന് പിഴ ഈടാക്കിയില്ല. |
| 17 | 1-27 | പ്രിന്റർ വാങ്ങലിലെ അപാകത- ചെലവ് തുക തടസ്സപ്പെടുത്തുന്നു. |
| 18 | 1-28 | ക്വട്ടേഷൻ രേഖകൾ ഹാജരാക്കിയില്ല |
| 19 | 1-29 | അങ്കണവാടികൾക്ക് ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല |
| 20 | 1-30 | തെരുവ് വിളക്ക് മീറ്റർ സ്ഥാപിക്കൽ - പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല |
| 21 | 1-31 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല |
| 22 | 1-32 | സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നതിലെ അപാകത |
| 23 | 1-33 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-മെറ്റീരിയൽ പ്രവൃത്തികളിൽ കരാറുകാർക്ക് നിയമാനുസൃത കുറവ് വരുത്താതെ തുക അനുവദിച്ചു |
| 24 | 1-34 | ഓഡിറ്റ് ഇംപാക്ട്- കരാറുകാരൻ അംഗീകരിച്ച കുറവ് നിരക്ക് ബില്ലിൽ കിഴിച്ചില്ല- ഓഡിറ്റന്വേഷണത്തെ തുടർന്ന് തുക തിരിച്ചടച്ചു |
| ഭാഗം -2 | | |
| ഇല്ല | | |
| ഭാഗം -3 | | |
| ഇല്ല | | |
| 25 | 4-1 മുതൽ 4-10 വരെ | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം. |
| | | |

| | | |
|---|---|---|
| 26 | അനുബന്ധം 1 | . |
| 27 | അനുബന്ധം 2 | . |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

28.03.2018 തീയതിയിലെ I(1) തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 25.02.2019 തീയതിയിലെ I(1) തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. പുതുക്കിയ ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 249416436 | 247472710 |
| വാർഷിക കണക്ക് പ്രകാരം | 85105195 | 68306322 |

ബജറ്റ് പ്രകാരമുള്ള വരവുചെലവുകളും യഥാർത്ഥ വരവുചെലവുകളും തമ്മിൽ വലിയ അന്തരം കാണുന്നു. മുൻവർഷങ്ങളിലെ വരവ് ചെലവുകളെ അടിസ്ഥാനമാക്കി, തൻവർഷം ഉണ്ടാകാവുന്ന വ്യത്യാസം കൂടി പരിഗണിച്ച് യാഥാർത്ഥ്യബോധത്തോടെ ബജറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | വാർഷിക കണക്ക് പരിശോധനച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | റിമാർകസ് |
|---|---|---|---|
| 31.07.2019 | 26.04.2019 | നം.കെ.എസ്.എ-എ.എൽപി-പി3/578/2019 തീ.25.06.2019 | വാർഷിക കണക്ക് പരിശോധനയിൽ സൂക്ഷിച്ച അപാകതകൾ ഓഡിറ്റ് സമയത്തും അപാകതയായി നിലനിൽക്കുന്നു. |

### 1-3സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 9982415 |
| വരവ് | 75122780 |
| ആകെ | 85105195 |
| ചെലവ് | 68306322 |
| നീക്കിയിരിപ്പ് | 16798873 |

കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്നും പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിക്കുന്ന ഗ്രാന്റുകൾ അതത് ആവശ്യങ്ങൾക്കായി ചെലവഴിക്കുന്നതിൽ വീഴ്ച വരുത്തുന്നുണ്ട്. മുൻവർഷങ്ങളിൽ ഇപ്രകാരം ലഭിച്ച തുകകൾ ഇതുവരെ വിനിയോഗിക്കപ്പെടാതെ ഗ്രാമ പഞ്ചായത്തിന്റെ തനതുഫണ്ട് സൂക്ഷിക്കുന്ന ജില്ലാ സഹകരണ ബാങ്കിലെ

അക്കൗണ്ടിലാണ് സൂക്ഷിച്ചിട്ടുള്ളത്. ജില്ലാ സഹകരണ ബാങ്കിലെ അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ള കേന്ദ്ര സംസ്ഥാന ഫണ്ടിന്റെ വിശദാംശങ്ങൾ ഖണ്ഡിക 1-4-ൽ ചേർത്തിട്ടുണ്ട്.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 16453000 | 16453000 | 13748954 | 2704046 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 4100000 | 4100000 | 3055816 | 1044184 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 138000 | 138000 | 0 | 138000 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 3786000 | 3786000 | 2581042 | 1204958 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 4643000 | 4643000 | 3292125 | 1350875 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 7636000 | 7636000 | 3530646 | 4105354 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | | | | | |
| സാക്ഷരത & ലൈഫ് ലോൺ | | 17309 | 29396562 | 29413871 | 29357857 | 56014 |
| ദുരിതാശ്വാസനിധി | | 13450 | 5690 | 19100 | 5000 | 14100 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | | 66867343 | 66867343 | 66867343 | |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 0 | 1644147 | 1644147 | 1611222 | 32925 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | ടോട്ടൽ സാനിറ്റേഷൻ | 537158 | 0 | 537158 | 0 | 537158 |
| | ഐ.സി.ഡി.എസ്. | 122823 | 1555532 | 1678355 | 587717 | 1090638 |
| | പൈക്ക | 350000 | 0 | 350000 | 0 | 350000 |
| | ശുചിത്വമിഷൻ ഫണ്ട് | 949754 | 1009556 | 1959310 | 604446 | 1354844 |
| | പെർഫോമൻസ് ഗ്രാന്റ് സാനിട്ടേഷൻ | 0 | 447911 | 447911 | 0 | 447911 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | ഫ്ലഡ് റിലീഫ് | 466432 | 375000 | 841432 | 375000 | 466432 |
| | ബഡ്സ് സ്കൂൾ | 200000 | 1250000 | 1450000 | 0 | 1450000 |
| | കാവ് /കുളം പ്രൊട്ടക്ഷൻ | 497000 | 0 | 497000 | 0 | 497000 |
| | വിമുക്തി | 12500 | 25000 | 37500 | 0 | 37500 |
| | നബാർഡ് RIDF | 52680 | 0 | 52680 | 30028 | 22652 |
| | പതാക നൗക പ്രോജക്ട് | 250000 | 0 | 250000 | 0 | 250000 |
| | ICDS – Drinking water | 30000 | | 30000 | 0 | 30000 |
| | ICDS – Baby | 12000 | 12000 | 12000 | 0 | 12000 |

| | | | | | | |
|---|---|---|---|---|---|---|
| | friendly toilet | | | | | |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 2278 | 4182238 | 4184516 | 2669956 | 1514560 |
| | ജില്ലാ പഞ്ചായത്ത് | 0 | 1957373 | 1957373 | 1320000 | 637373 |
| ബി ഫണ്ട് | | 0 | 955440 | 955440 | 955440 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 3802791 | 8802180 | 12604671 | 9968449 | 2636522 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 2524484 | 3676775 | 6201259 | 903966 | 5297293 |
| | E payment Account | 18354 | 26708 | 39062 | 649 | 38413 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 114 | 107150651 | 48 | 52230816 | 30 | 36 | 42.1% |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

ഇല്ല

**എ) സർക്കാർ ഗ്രാന്റുകളുടെ മേഖല തിരിച്ചുള്ള ചെലവ്**

| ഫണ്ടിനം | ഉല്പാദനം | | സേവനം | | പശ്ചാത്തലം | |
|---|---|---|---|---|---|---|
| | വകയിരുത്തിയത് | ചെലവ് | വകയിരുത്തിയത് | ചെലവ് | വകയിരുത്തിയത് | ചെലവ് |
| വികസഫണ്ട് ജനറൽ | 3931000 | 3665600 | 10495145 | 9829145 | 2145828 | 254209 |
| വികസനഫണ്ട് എസ്.സി.പി | - | - | 4309816 | 3055816 | - | - |
| വികസനഫണ്ട് ടി.എസ്.പി | - | - | 96000 | 0 | 41400 | 0 |
| മെയിന്റനൻസ് ഫണ്ട് റോഡ് | - | - | - | - | 4086000 | 2581042 |
| മെയിന്റനൻസ് ഫണ്ട് നോൺ റോഡ് | 53487 | 53487 | 4020334 | 3034459 | 1254179 | 204179 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | - | - | 2668251 | 805311 | 6203397 | 2725335 |

**ബി) ഫണ്ട് വിനിയോഗത്തിലെ വീഴ്ച – 1.05 കോടി രൂപ നഷ്ടമായി**

ഗ്രാമ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി സർക്കാരിൽ നിന്നും അലോട്ട്മെന്റ് ആയി ലഭിച്ച തുകകൾ പൂർണ്ണമായി വിനിയോഗിക്കുന്നതിൽ വീഴ്ച വരുത്തിയതുമൂലം 1.05 കോടി രൂപ പാഴായി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന അലോട്ട്മെന്റിൽ ചെലവഴിക്കാതെ ബാക്കിയായത് സഞ്ചിതനിധിയിലേക്ക് തിരികെ പോകുമെന്നതിനാൽ ചെലവഴിക്കപ്പെടാതെ ബാക്കിയാകുന്ന തുകകൾ തൻവർഷം നഷ്ടപ്പെടുകയാണ് ചെയ്യുന്നത്. ഗ്രാമ പഞ്ചായത്തിന് സർക്കാർ അനുവദിച്ച വിവിധ ഫണ്ടുകളിൽ ചെലവഴിക്കപ്പെടാത്ത തുകയുടെ ഇനം തിരിച്ചുള്ള വിവരം താഴെ ചേർക്കുന്നു.

| ഫണ്ട് | ചെലവഴിക്കപ്പെടാത്ത തുക |
|---|---|
| വികസന ഫണ്ട് ജനറൽ | 2704046 |
| വികസന ഫണ്ട് എസ്.സി.പി. | 1044184 |
| വികസന ഫണ്ട് ടി.എസ്.പി | 138000 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 1204958 |
| മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ് | 1350875 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 4105354 |
| **ആകെ** | **1,05,47,417** |

വർഷാവസാനം ചെലവഴിക്കാതെ ബാക്കിയാകുന്ന ഫണ്ടുകൾ പാഴാകുന്നതാണെന്ന് നേരത്തെതന്നെ സർക്കാർ നിർദ്ദേശം നൽകിയിരുന്നെങ്കിലും പദ്ധതി പണം ചെലവഴിക്കുന്നതിൽ ഗ്രാമ പഞ്ചായത്ത് വേണ്ടത്ര മുന്നൊരുക്കം നടത്തിയിട്ടില്ലാത്തതു കൊണ്ടാണ് ഇത്രയും വലിയ തുക പഞ്ചായത്തിന് നഷ്ടമായത്. ഇപ്രകാരം ഫണ്ട് നഷ്ടപ്പെടുന്നതുവഴി അതിൽനിന്നു ലഭ്യമാകുന്ന ആസ്തികളും വികസന ക്ഷേമ പ്രവർത്തനങ്ങളും ജനങ്ങൾക്ക് നഷ്ടമാകുന്നു. ഫണ്ടു വിനിയോഗത്തിലെ ഈ പോരായ്മ പരിഹരിക്കുന്നതിന് പദ്ധതി നടത്തിപ്പിൽ കുറേക്കൂടി ജാഗ്രതയും ദീർഘവീക്ഷണവും ഭാവിയിൽ ഉണ്ടാകേണ്ടതുണ്ട്. ആയതിനാൽ പോരായ്മകൾ പരിഹരിച്ച് വരും വർഷങ്ങളിൽ സർക്കാർ അനുവദിക്കുന്ന ഫണ്ടുകൾ സമയബന്ധിതമായി വിനിയോഗിക്കേണ്ടതാണ്. ഈ വിഷയം ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

ഗ്രാമ പഞ്ചായത്തിൽ ഒരു പട്ടികവർഗ്ഗ കുടുംബമാണുള്ളത്. അതിൽ രണ്ട് അംഗങ്ങളാണുള്ളത്. 2018-19 വർഷം വികസനഫണ്ട് (ടി.എസ്.പി) ഇനത്തിൽ ലഭിച്ച തുക വിനിയോഗിച്ചിട്ടില്ല. പട്ടിക വർഗ്ഗ കുടുംബത്തിന് തോടിന് സംരക്ഷണഭിത്തി നിർമ്മാണം (പ്രോജക്ട് നം. 79) എന്ന പ്രോജക്ടിന് 41400 രൂപയും എസ്.റ്റി കുടുംബങ്ങളുടെ വാസസ്ഥലങ്ങൾ മണ്ണിട്ടുയർത്തൽ (പ്രോജക്ട് നം. 125) എന്ന പ്രോജക്ടിന് 26600 രൂപയും വകയിരുത്തിയെങ്കിലും തൻവർഷം തുകയൊന്നും തന്നെ ചെലവഴിച്ചിട്ടില്ല. പട്ടിക വർഗ്ഗ കുടുംബത്തിന് തോടിന് സംരക്ഷണഭിത്തി നിർമ്മാണം എന്ന പ്രോജക്ടിനായി 29706 രൂപ രൂപയുടെ പ്രവർത്തി നടത്തുകയും 28.02.2019 -ൽ അസി. എക്സി. എഞ്ചിനീയർ പ്രവൃത്തി ചെക്ക് മെഷർ ചെയ്തതായും അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രവൃത്തിയുടെ ബിൽ യഥാസമയം ട്രഷറിയിൽ നൽകാതിരുന്നത് മൂലം ബിൽ ക്യൂവിലാകുകയും തുക മാറാൻ കഴിയാതെ വരുകയും ചെയ്തു. പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള തുക ഇപ്രകാരം നഷ്ടപ്പെടുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്.

**സി) 2018-19 വാർഷിക പദ്ധതിയിൽ വികസനഫണ്ടിൽനിന്നും വിവിധ മേഖലകൾക്കും പ്രത്യേക പദ്ധതികൾക്കും വകയിരുത്തേണ്ട കുറഞ്ഞ തുകയും ചെലവും**

| മേഖല/പദ്ധതി | 2018-19 ലെ ബജറ്റിന്റെ അനുബന്ധം IV പ്രകാരം ലഭിക്കുന്ന വിഹിതത്തിൽ നിന്നും വകയിരുത്തേണ്ട കുറഞ്ഞ തുക | വകയിരുത്തിയ തുക | ചെലവ് |
|---|---|---|---|
| ഉല്പാദനമേഖല (ജനറൽ | 2632480 | 3931000 | 3665600 |

| | | | |
|---|---|---|---|
| സാധാരണവിഹിതം) | | | |
| ശുചിത്വം- മാലിന്യസംസ്കരണം- ജലസംരക്ഷണം (ജനറൽ സാധാരണവിഹിതം) | 1316240 | 1557391 | 112182 |
| പാർപ്പിടമേഖല | 4138200 | 6836600 | 6660000 |
| വനിതാഘടകപദ്ധതി | 1740040 | 2640426 | 2373882 |
| കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ഭിന്നലിംഗക്കാർ എന്നിവർക്കുവേണ്ടിയുള്ള പദ്ധതി | 870020 | 2523410 | 1419410 |
| വയോജനങ്ങൾക്കുവേണ്ടിയുള്ള പദ്ധതി (പാലിയേറ്റീവ് കെയർ ഉൾപ്പെടെ) | 870020 | 870020 | 652153 |

ഉല്പാദനമേഖല (ജനറൽ സാധാരണവിഹിതം), പാർപ്പിടമേഖല, വനിതാഘടകപദ്ധതി, കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ഭിന്നലിംഗക്കാർ എന്നിവർക്കുവേണ്ടിയുള്ള പദ്ധതി എന്നിവയ്ക്ക് വകയിരുത്തേണ്ട മിനിമം തുകയിലും കൂടുതൽ വകയിരുത്തുകയും ചെലവഴിക്കുകയും ചെയ്തിട്ടുണ്ടെന്നുള്ളത് അഭിനന്ദനാർഹമാണ്. എന്നാൽ ശുചിത്വം- മാലിന്യസംസ്കരണം-ജലസംരക്ഷണം (ജനറൽ സാധാരണവിഹിതം), വയോജനങ്ങൾക്കുവേണ്ടിയുള്ള പദ്ധതി (പാലിയേറ്റീവ് കെയർ ഉൾപ്പെടെ) എന്നിവയിൽ വകയിരുത്തേണ്ട മിനിമം തുകയിലും കൂടുതൽ വകയിരുത്തിയിട്ടുണ്ടെങ്കിലും മിനിമം തുകയിലും കുറവാണ് ചെലവ് ചെയ്തിട്ടുള്ളത്. പദ്ധതിവിഹിതത്തിന്റെ മേഖലാ വകയിരുത്തലുകൾ പൂർണ്ണമായി പാലിച്ചുകൊണ്ട് ഓരോ മേഖലയിലും പ്രത്യേകപദ്ധതികൾക്കും വകയിരുത്തിയ തുക പൂർണ്ണമായി ചെലവഴിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ഡി) വർക്കിംഗ് ഗ്രൂപ്പുകൾ

അതത് വികസന മേഖലയുമായി ബന്ധപ്പെട്ട പദ്ധതി ആസൂത്രണത്തിന് നേതൃത്വം നൽകുക എന്നതാണ് വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രധാന ചുമതല. ഗ്രാമപഞ്ചായത്തിൽ 2018-19 വർഷം 12 വർക്കിംഗ് ഗ്രൂപ്പുകളുണ്ട്. പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതായ രണ്ടു പ്രധാന ചുമതലകൾ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കി ഗ്രാമസഭ/ഊരുകൂട്ട യോഗങ്ങളിൽ അവതരിപ്പിക്കുക, ചർച്ചകളുടേയും തീരുമാനങ്ങളുടേയും അടിസ്ഥാനത്തിൽ പ്രോജക്ട് നിർദ്ദേശങ്ങൾക്ക് മുൻഗണന നിശ്ചയിച്ച് ഭരണസമിതിയുടേയും തുടർന്ന് വികസന സെമിനാറിന്റേയും പരിശോധനയ്ക്ക് സമർപ്പിക്കുക എന്നിവയാണ്. അവ ഫലപ്രദമായി നിറവേറ്റണമെങ്കിൽ വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലെ ചർച്ചകളുടെ അടിസ്ഥാനത്തിൽ ശുപാർശകൾ ക്രമീകരിക്കേണ്ടതാണ്. അതിനാൽ ഈ രണ്ടു ദൗത്യങ്ങളും നിർവ്വഹിക്കുന്നതിന്റെ മുന്നോടിയായി വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗം ചേരണമെന്നുള്ളത് അനിവാര്യമാണ്. ഇപ്രകാരം കൂടുന്ന യോഗങ്ങളിൽ വർക്കിംഗ് ഗ്രൂപ്പിലെ അംഗങ്ങൾ നിശ്ചയമായും പങ്കെടുക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ 2018-19 വർഷത്തെ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ അംഗങ്ങളുടെ പ്രാതിനിധ്യം കുറവാണ്. ഗ്രൂപ്പ് യോഗങ്ങളിൽ ക്രിയാത്മകമായ ചർച്ച ആവശ്യമായതിനാൽ പരമാവധി അംഗങ്ങൾ പങ്കെടുക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. 2018-19 വർഷത്തെ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തിലെ വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ 20.01.2018-ൽ മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്. പല വർക്കിംഗ് ഗ്രൂപ്പുകളുടെയും മിനിട്സ് കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. 20.01.2018-ലെ യോഗത്തിന്റെ മിനിട്സ് പല വർക്കിംഗ് ഗ്രൂപ്പുകളും എഴുതിയിട്ടില്ല. ഉദാ: കൃഷിയും അനുബന്ധമേഖലയും, ചെറുകിട വ്യവസായം

വാർഷികപദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി വിലയിരുത്തേണ്ടതാണ്. എന്നാൽ പ്രോജക്ടുകളുടെ മോണിറ്ററിംഗ് നടത്തുന്നതിലും ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ വീഴ്ച വരുത്തിയിട്ടുണ്ട്. ഹാജരാക്കിയ മോണിറ്ററിംഗ് റിപ്പോർട്ടുകളിൽ എല്ലാ അംഗങ്ങളും ഒപ്പുരേഖപ്പെടുത്തിയിട്ടില്ല. മോണിറ്ററിംഗ് ഫലപ്രദമായി നിർവ്വഹിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

**ഇ) വികസന സെമിനാർ**

പരമാവധി ജന പങ്കാളിത്തത്തോടെ തദ്ദേശ ഭരണ സ്ഥാപനത്തിന്റെ വാർഷിക പദ്ധതി നിർദ്ദേശങ്ങൾക്ക് രൂപം നൽകുക എന്നതാണ് വികസനസെമിനാറിന്റെ ലക്ഷ്യം. വികസനസെമിനാറിൽ വർക്കിംഗ് ഗ്രൂപ്പ് അടിസ്ഥാനത്തിൽ ഗ്രൂപ്പ് ചർച്ചകൾ സംഘടിപ്പിച്ചിട്ടുണ്ട്. 09.03.2018-ലാണ് ഗ്രാമ പഞ്ചായത്തിൽ വികസന സെമിനാർ നടന്നിട്ടുള്ളത്. ഗ്രാമ പഞ്ചായത്തിൽ നടന്ന വികസന സെമിനാറിലും ജനപങ്കാളിത്തം വളരെ കുറവാണ്. ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പ്രതിനിധാനം ചെയ്യുന്ന ത്രിതല പഞ്ചായത്ത് ജനപ്രതിനിധികൾ, ആസൂത്രണസമിതി അംഗങ്ങൾ, വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ, ഗ്രാമസഭാ പ്രതിനിധികൾ, നിർവ്വഹണ ഉദ്യോഗസ്ഥർ, ഊരുകൂട്ടം പ്രതിനിധികൾ, എസ്.സി/എസ്.ടി പ്രൊമോട്ടർമാർ, എ.ഡി.എസ് പ്രതിനിധികൾ, സി.ഡി.എസ് അംഗങ്ങൾ, ബാങ്കുകളിലേയും ധനകാര്യസ്ഥാപനങ്ങളിലേയും പ്രതിനിധികൾ, സ്റ്റേക്ക് ഹോൾഡർമാർ, പ്രൊഫഷണലുകൾ, വിദഗ്ധർ, സന്നദ്ധ പ്രവർത്തകർ മുതലായ എല്ലാ വിഭാഗം ജനങ്ങളേയും വികസന സെമിനാറിൽ പങ്കെടുപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**എഫ്) ആസൂത്രണസമിതി യോഗം**

2018-19 സാമ്പത്തികവർഷത്തേക്കുള്ള പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് ആസൂത്രണസമിതി ഒരു യോഗം മാത്രമാണ് ചേർന്നിട്ടുള്ളത്. മുൻകാല പ്രോജക്ടുകളിൽ നിന്നും വ്യത്യസ്തവും പ്രദേശത്തിന്റെയും ജനങ്ങളുടെയും വികസനത്തിനും ക്ഷേമത്തിനും അനുയോജ്യമായ പ്രോജക്ടുകൾ കണ്ടെത്തുന്നതിനും ആവശ്യമായ ചർച്ചകളൊന്നും തന്നെ ആസൂത്രണ സമിതിയോഗങ്ങളിൽ നടന്നിട്ടില്ല. തദ്ദേശഭരണ പ്രദേശത്തിന്റെ ദീർഘകാല വികസന പരിപ്രേഷ്യത്തിന് രൂപം നൽകുന്നതിൽ ഭരണസമിതിയേയും വർക്കിംഗ് ഗ്രൂപ്പുകളേയും സഹായിക്കുക എന്നീ ലക്ഷ്യങ്ങളോടെ രൂപീകരിച്ചിട്ടുള്ള ആസൂത്രണസമിതിയുടെ യോഗങ്ങളിൽ ക്രിയാത്മകവും സജീവവുമായ ചർച്ചകൾ നടന്നിട്ടില്ല, പ്രദേശത്തിന്റെ വികസനം സംബന്ധിച്ച് ആരോഗ്യകരമായ സംവാദങ്ങൾ പ്രോത്സാഹിപ്പിക്കുക. പ്രാദേശികാസൂത്രണവുമായി ബന്ധപ്പെട്ട് തദ്ദേശസ്ഥാപനം സംഘടിപ്പിച്ച ആലോചനായോഗങ്ങൾക്ക് ആവശ്യമായ കുറിപ്പുകൾ തയ്യാറാക്കി നൽകുകയോ പദ്ധതി ആസൂത്രണത്തിന് അനുയോജ്യമായ പഠനം നടത്തി ഭരണസമിതിക്ക് റിപ്പോർട്ട് നൽകുകയോ ചെയ്തിട്ടില്ല. സ്റ്റേക്ക് ഹോൾഡർമാരുമായി കൂടിയാലോചന നടത്തിയിട്ടില്ല.

**ജി) പ്രൊക്യൂർമെന്റ് കമ്മറ്റി കർത്തവ്യത്തിൽ വീഴ്ച വരുത്തുന്നു.**

2018-19 വർഷം പ്രൊക്യൂർമെന്റ് കമ്മറ്റി കൃത്യമായി യോഗം ചേർന്ന് എല്ലാ പർച്ചേസുകളും സംബന്ധിച്ച തീരുമാനങ്ങൾ എടുത്തിട്ടുള്ളതായി കാണുന്നില്ല. മൃഗസംരക്ഷണമേഖലയിലെ വാങ്ങലുകൾ സംബന്ധിച്ച് മാത്രമാണ് തീരുമാനമെടുത്തിട്ടുള്ളത്. ഗ്രാമ പഞ്ചായത്തിൽ 2018-19 വർഷം നടപ്പാക്കിയിട്ടുള്ള മറ്റ് വാങ്ങലുകളിലൊന്നും തന്നെ പ്രൊക്യൂർമെന്റ് കമ്മറ്റി രേഖകളുടെ സൂക്ഷ്മപരിശോധന നടത്തുകയോ ഉചിത തീരുമാനമെടുത്ത് ഭരണസമിതിയ്ക്ക് ശുപാർശ ചെയ്യുകയോ ചെയ്തിട്ടില്ല. വാങ്ങൽ നടപടികൾ കൂടുതൽ കാര്യക്ഷമവും സുതാര്യവുമാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 1644147 | 1644147 | 1611222 | 32925 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 66867343 | 66867343 | 66867343 | 0 |
| ആകെ | 0 | 68511490 | 68511490 | 68478565 | 32925 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 406440 | 227 |
| | | |

| | | |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 11948900 | 1026 |
| വിധവാപെൻഷൻ | 10554600 | 890 |
| വാർദ്ധക്യകാലപെൻഷൻ | 21366000 | 1736 |
| വികലാംഗപെൻഷൻ | 4279700 | 341 |
| അവിവാഹിത പെൻഷൻ | 576500 | 49 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 390000 | 13 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.09.2019 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7167/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. ഫ്രണ്ട് ഓഫീസ് ഡയറി നിശ്ചിത മാതൃകയിൽ എഴുതി സൂക്ഷിക്കുന്നില്ല.
2. സ്ഥാപനത്തിലെ പണം സൂക്ഷിപ്പിന് ഇൻഷ്വറൻസ് കവറേജ് ഇല്ല.
3. വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കപ്പെടുന്നില്ല.
4. സ്റ്റോക്ക് രജിസ്റ്ററിൽ ആകെ സ്റ്റോക്ക് വിവരം, വാർഷിക സ്റ്റോക്ക് നീക്കിയിരിപ്പ് വിവരം എന്നിവ ലഭ്യമല്ല. വാർഷിക സ്റ്റോക്ക് ബാലൻസ് ഓഫീസ് മേധാവി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.
5. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
6. ആസ്തിരജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആസ്തികൾക്ക് ഇൻഷുറൻസ് പരിരക്ഷ നൽകുന്നില്ല. കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കൈയൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നുംതന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.
7. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നില്ല.

മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.09.2019 | ആഗസ്റ്റ് 2019 | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 08.02.2017 | 2011-12 മുതൽ 2015-16 വരെ | 01.04.2017 |

## 1-11 വാർഷികകണക്കുകളിലെ അപാകതകൾ

കെ.എസ്.എ-എ.എൽ.പി-പി3-578/19 തീയതി. 25.06.2019 പ്രകാരം പുറപ്പെടുവിച്ച ഓഡിറ്റ് സാക്ഷ്യപത്രത്തിന് അനുബന്ധമായി ചേർത്തിട്ടുള്ള അപാകതകൾ പരിഹരിച്ചിട്ടില്ല.

# 1-12 ലക്ഷങ്ങൾ ചെലവഴിച്ച് നിർമ്മിച്ച ആധുനിക മത്സ്യ മാർക്കറ്റ് പ്രവർത്തിക്കുന്നില്ല.

കരുവാറ്റ ഗ്രാമപഞ്ചായത്തിൽ ആധുനിക മത്സ്യമാർക്കറ്റ് നിർമ്മിക്കുന്നതിനായി പഴയ പബ്ലിക് മാർക്കറ്റിലുണ്ടായിരുന്ന കച്ചവടക്കാരെ ഒഴിപ്പിച്ച് കെട്ടിടം പൊളിച്ച് നീക്കം ചെയ്ത ശേഷം സ്ഥലം കേരളാ സംസ്ഥാന തീരദേശ വികസന കോർപ്പറേഷന് (KSCADC) കൈമാറുകയും ടി സ്ഥലത്ത് 196.53 ലക്ഷം രൂപ അടങ്കൽ തുകയിൽ (നാഷണൽ ഫിഷറീസ് ഡെവലപ്മെൻറ് ബോർഡ് 159.12 ലക്ഷം രൂപ, സംസ്ഥാന സർക്കാർ വിഹിതം 37.41 ലക്ഷം രൂപ) ആധുനിക മത്സ്യ മാർക്കറ്റ് നിർമ്മിക്കുകയും ചെയ്തു. ടി മാർക്കറ്റ് 10.9.2015 ലാണ് ഗ്രാമപഞ്ചായത്തിന് കൈമാറിയത്.

482.4 ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിൽ നിർമ്മിച്ച ഇരുനില കെട്ടിടത്തിന്റെ താഴത്തെ നിലയിൽ കട്ടിംഗ് സ്ലാബ്, സിങ്ക്, ഡ്രെയിൻ സംവിധാനങ്ങളോടു കൂടിയ 35 സ്റ്റാളുകളും, മത്സ്യം കേടുകൂടാതെ സൂക്ഷിക്കുന്നതിനായി ശീതീകരണ മുറി, ശുദ്ധമായ ഐസിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി ഫ്ലേക്ക് ഐസ് യൂണിറ്റ് എന്നിവയും മുകളിലത്തെ നിലയിൽ 4 ഉണക്കമത്സ്യ സ്റ്റാളുകളും, ഓഫീസ് മുറി, തൊഴിലാളികൾക്ക് വിശ്രമമുറി എന്നിവയും അടങ്ങുന്നതാണ് മാർക്കറ്റ്. ടി മാർക്കറ്റ് ഗ്രാമപഞ്ചായത്തിന് കൈമാറി 14 മാസങ്ങൾക്ക് ശേഷം ലേല നടപടികളിലൂടെ മാവേലി മറൈൻ ഫുഡ്സ് പ്രൈവറ്റ് ലിമിറ്റഡ് (ശ്രീ. എസ് കൃഷ്ണകുമാർ, മാനേജിംഗ് ഡയറക്ടർ,) എന്ന സ്ഥാപനത്തിന് 6,50,000/-രൂപ സെക്യൂരിറ്റി ഡെപ്പോസിറ്റും 30,000/- രൂപ പ്രതിമാസ വാടകയും നിശ്ചയിച്ച് കൈമാറി. 14.12.16 മുതൽ 13.12.21വരെ 5 വർഷമായിരുന്നു കരാർ കാലാവധി. കരാർ നിബന്ധന പ്രകാരം ഓരോ വർഷവും വാടകയിൽ 5% വർദ്ധനവും വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ മത്സ്യമാർക്കറ്റിലെ ശീതീകരണമുറി പ്രവർത്തനസജ്ജമല്ലാതിരുന്നതിനാൽ സ്ഥാപനം പ്രവർത്തനം ആരംഭിച്ചില്ല. ഇതു മൂലം വാടക ഇനത്തിൽ വലിയ തുക നഷ്ടപ്പെടുന്ന വിവരം തീരദേശ വികസന കോർപ്പറേഷനിൽ അറിയിച്ചപ്പോൾ, കൈമാറ്റം ചെയ്തശേഷം ദീർഘനാൾ പ്രവർത്തിപ്പിക്കാതിരുന്നതുമൂലമാണ് ശീതീകരണമുറി പ്രവർത്തനരഹിതമായതെന്ന മറുപടി അറിയിക്കുകയും അറ്റകുറ്റപ്പണികൾ പൂർത്തിയാക്കി നൽകുകയും ചെയ്തു. തുടർന്ന് 06/2017 മുതൽ മാത്രമാണ് പഞ്ചായത്തിന് മത്സ്യമാർക്കറ്റിന്റെ വാടക ലഭിച്ച് തുടങ്ങിയത്. എന്നാൽ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ യാതൊരുവിധ ഭക്ഷ്യസുരക്ഷാ മാനദണ്ഡങ്ങളും പാലിക്കാതെ അനധികൃതമായി നടക്കുന്ന മത്സ്യ വിപണനം മൂലം ആധുനിക മത്സ്യ മാർക്കറ്റിൽ പ്രവർത്തിച്ചിരുന്ന മാവേലി മറൈൻ ഫുഡ്സ് എന്ന സ്ഥാപനം നഷ്ടത്തിലാണെന്ന് ശ്രീ എസ് കൃഷ്ണകുമാർ, മാനേജിംഗ് ഡയറക്ടർ പഞ്ചായത്തിൽ അറിയിച്ചതിനെ തുടർന്ന് അനധികൃത കച്ചവടക്കാരെ ഒഴിപ്പിക്കുന്നതിന് 18.12.18 ൽ ചേർന്ന പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചെങ്കിലും തുടർനടപടികളൊന്നും സ്വീകരിച്ചതായി കാണുന്നില്ല. സ്ഥാപനം ഭാരിച്ച നഷ്ടത്തിലായതിനാൽ ഏതാനം മാസങ്ങളായി മത്സ്യമാർക്കറ്റിന്റെ പ്രവർത്തനം നിർത്തിയിരിക്കുകയാണെന്നും കരാർ അവസാനിപ്പിച്ച് ഡെപ്പോസിറ്റ് തുക തിരികെ നൽകണമെന്നും ശ്രീ എസ് കൃഷ്ണകുമാർ ആവശ്യപ്പെട്ടതിനാൽ, 15.03.2019 ൽ ചേർന്ന പഞ്ചായത്ത് കമ്മറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിന് വാടക ഇനത്തിലും മറ്റും ലഭ്യമാകേണ്ട എല്ലാ കഷ്ടനഷ്ടങ്ങളും സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നും ഈടാക്കി ബാക്കി തുക തിരികെ നൽകുവാൻ തീരുമാനിച്ചു. ഇപ്രകാരം 2018-19 സാമ്പത്തിക വർഷത്തെ വാടക ഡെപ്പോസിറ്റിൽ നിന്നും അഡ്ജസ്റ്റ് ചെയ്തിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന് കൈമാറിയ ആധുനിക മത്സ്യ മാർക്കറ്റ് നിലവിൽ പ്രവർത്തനരഹിതമാണ്. പഴയ പബ്ലിക്ക് മാർക്കറ്റിലുണ്ടായിരുന്ന കച്ചവടക്കാരെ ഒഴിപ്പിച്ച് 35 വർഷം പഴക്കമുണ്ടായിരുന്ന പഴയ മാർക്കറ്റ് കെട്ടിടം പൊളിച്ച് നീക്കം ചെയ്ത് നിർമ്മിച്ച ആധുനിക മത്സ്യമാർക്കറ്റ് നിലവിൽ പഞ്ചായത്തിന് യാതൊരു വരുമാനവും ലഭിക്കാതെ നിഷ്ക്രിയമായിക്കിടക്കുന്നു. വിശദീകരണം ആവശ്യപ്പെട്ടുള്ള ഓഡിറ്റന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ, മത്സ്യഫെഡ് 15000/- രൂപ പ്രതിമാസ വാടകയിൽ കെട്ടിടം ഏറ്റെടുക്കുവാൻ തയ്യാറാണെന്നും എന്നാൽ കെട്ടിടത്തിന്റെ ഘടനയിൽ മാറ്റം വരുത്തേണ്ടതിനാൽ KSCADC യുമായി ആലോചിച്ച് തീരുമാനം എടുക്കുന്നതാണെന്നും അറിയിച്ചു. ലക്ഷങ്ങൾ മുടക്കി നിർമ്മിച്ച ആധുനിക മത്സ്യ മാർക്കറ്റിലെ സംവിധാനങ്ങളും

ഉപകരണങ്ങളും പാഴാക്കാതെ ഉചിതമായ രീതിയിൽ പ്രയോജനപ്പെടുത്തുന്നതിനുള്ള സത്വരനടപടികൾ സ്വീകരിക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റിയുടെ ഭാഗത്തുനിന്നും അടിയന്തിര ഇടപെടൽ ഉണ്ടാവേണ്ടതാണ്.

## 1-13 ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് സംബന്ധിച്ച്

ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ലൈസൻസ് സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഭൂരിഭാഗം സ്ഥാപനങ്ങളും യഥാസമയം ലൈസൻസ് പുതുക്കുന്നില്ലായെന്നു കാണുന്നു. 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ്) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ഏതൊരു വർഷവും അവസാനിക്കുന്നതിന് 30 ദിവസത്തിനുള്ളിൽ പട്ടിക II പ്രകാരമുള്ള ഫീസും അപേക്ഷകനിൽ നിന്നുള്ള സ്വയം സാക്ഷ്യപത്രവും ലഭ്യമാക്കി ഏതൊരു ലൈസൻസും പുതുക്കി നൽകാവുന്നതാണ്. എന്നാൽ ഇത് പഞ്ചായത്തിൽ പാലിക്കപ്പെടുന്നില്ല.

കൂടാതെ പഞ്ചായത്ത് പരിധിയിലുള്ള റേഷൻ കടയുടമകൾ 2018-19 വർഷം ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിച്ചത്. 1996 ലെ പഞ്ചായത്ത് രാജ് ആക്ട് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 3 പട്ടിക 1പ്രകാരം ലൈസൻസ് ആവശ്യമുള്ള, പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് (പട്ടിക ക്രമ നം-149) ലൈസൻസ് നൽകുകയോ പുതുക്കുകയോ ചെയ്തിട്ടില്ല.

ഓഡിറ്റ് എൻക്വയറിക്കുള്ള (നം.21/28.9.19) മറുപടിയിൽ അടുത്ത സാമ്പത്തിക വർഷം മുതൽ എല്ലാ സ്ഥാപനങ്ങൾക്കും മുൻകൂർ നോട്ടീസ് നൽകി മാർച്ച് മാസത്തിന് മുമ്പായി ലൈസൻസ് പുതുക്കി നൽകുന്നതാണെന്നും പഞ്ചായത്തിലെ മുഴുവൻ റേഷൻ വ്യാപാരികൾക്കും കത്ത് നൽകി ലൈസൻസ് നല്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. എല്ലാ വ്യാപാരങ്ങൾക്കും നിയമാനുസൃതം ലൈസൻസ് നൽകുന്നതിനും പുതുക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-14 തൊഴിൽ നികുതി

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204(1) പ്രകാരം തദ്ദേശ സ്ഥാപനത്തിന്റെ പരിധിയിൽ ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസം തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാണ്. ഗ്രാമ പഞ്ചായത്തിലെ വിവിധതരം പ്രവൃത്തികൾ കരാർ പ്രകാരം ഏറ്റെടുത്തു നടത്തുന്ന കരാറുകാരിൽ നിന്നും നിയമ പ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കാവുന്നതാണ്. നിരവധി കരാറുകാർ ഈ പഞ്ചായത്തിലെ വിവിധ പ്രവൃത്തികൾ ഏറ്റെടുത്തു നടത്തിയതായി ടെൻഡർ രജിസ്റ്റർ പരിശോധനയിൽ കാണുന്നുണ്ടെങ്കിലും ഇവരിൽ നിന്നും വാർഷിക വരുമാനത്തിന് ആനുപാതികമായി തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. കൂടാതെ പഞ്ചായത്തിലെ തൊഴിൽനികുതി രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിലുള്ള എല്ലാ റേഷൻ വ്യാപാരികളിൽ നിന്നും അർദ്ധവർഷം 120/-രൂപ നിരക്കിലാണ് തൊഴിൽ നികുതി ഈടാക്കി വരുന്നത്.എന്നാൽ 30.11.2018 ലെ സർക്കാർ ഉത്തരവ് (എം.എസ്) നം 46/2018, ഭക്ഷ്യ പൊതു വിതരണ വകുപ്പ് ഉത്തരവ് പ്രകാരം റേഷൻ വ്യാപാരികളുടെ കുറഞ്ഞ ശമ്പളം 16000/- രൂപയായി നിശ്ചയിച്ചിട്ടുണ്ടെങ്കിലും സ്റ്റേറ്റ്മെൻറ് സമർപ്പിക്കാത്തതുമൂലം അവർ വരുമാനം സംബന്ധിച്ച അർദ്ധവർഷത്തെ ആകെ വരുമാനത്തിന്റെ കൃത്യത വ്യക്തമാകുന്നില്ല.

ഓഡിറ്റന്വേഷണത്തിനു നൽകിയ മറുപടിയിൽ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അടുത്ത സാമ്പത്തിക വർഷം മുതൽ റേഷൻ വ്യാപാരികളിൽ നിന്നും സ്റ്റേറ്റ്മെൻറ് വാങ്ങി തൊഴിൽനികുതി ഈടാക്കുന്നതാണെന്നുമറിയിച്ചിട്ടുണ്ട്. പഞ്ചായത്ത് പരിധിയിലുള്ള തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായ എല്ലാ ആളുകളിൽ നിന്നും വരുമാനത്തിന് ആനുപാതികമായി തൊഴിൽ നികുതി ഈടാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-15 കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടിയില്ല.

പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ വിവിധ ഡെപ്പോസിറ്റ് ഇനങ്ങളിലായി 2007-08 വർഷം മുതൽ സ്വീകരിച്ച തുകകൾ അവകാശപ്പെടാതെ അവശേഷിക്കുന്നതായി കാണുന്നു. തിരികെ നല്കാൻ അർഹമായ തീയതി മുതൽ 3 പൂർണ്ണ സാമ്പത്തിക വർഷം പൂർത്തീകരിച്ചിട്ടുള്ള ഡെപ്പോസിറ്റുകൾ കാലഹരണപ്പെട്ടതായി കണക്കാക്കാവുന്നതും അത് പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടാവുന്നതുമാണ്. കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് മുതൽകൂട്ടുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റന്വേഷണത്തിന് മറുപടി നൽകിയിട്ടുണ്ട്. ടി നീക്കിയിരുപ്പിലുള്ള തുക തനത് ഫണ്ടിൽ വരവ് വെച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-16 ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർഫീ ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല.

28/9/13-ലെ ജി.ഒ(എം.എസ്)318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീ എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ പ്രസ്തുത അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. 2018-19 സാമ്പത്തിക വർഷത്തെ 9 മരാമത്ത് പ്രവൃത്തികളുടെ ടെണ്ടറിംഗ്, റീ-ടെണ്ടറിംഗ് എന്നിവ ഇ-സബ്മിഷൻ ടെണ്ടർ സംവിധാനത്തിലൂടെയാണ് ഗ്രാമപഞ്ചായത്തിൽ നടപ്പിൽ വരുത്തിയിട്ടുള്ളത്. ടെണ്ടർ ഫീസിനത്തിലെ തുകയായ 43460/-രൂപ എൽ.എസ്.ജി.ഡി ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സീറോ ബാലൻസ് അക്കൗണ്ടിലേക്ക് ഇ-പേയ്മെന്റ് സംവിധാനം വഴി കരാറുകാർ അടച്ചിട്ടുണ്ടെന്ന് ഇത് സംബന്ധമായ ഓഡിറ്റന്വേഷണത്തിന് എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിങ് മറുപടി നൽകുകയുണ്ടായി. എന്നാൽ ടെണ്ടർ ഫീസിനത്തിൽ ലഭിച്ച തുക നാളിതുവരെയായിട്ടും ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ല. തുക തനതുഫണ്ടിൽ മുതൽക്കൂട്ടാനുള്ള നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-17 ഉത്പാദനപരമല്ലാത്ത ബോധവത്ക്കരണ പ്രവൃത്തികൾക്കായി വികസനഫണ്ട് ചെലവഴിച്ചു.

**പ്രോ നം. 85/19(ജലസാക്ഷരത ബോധവത്ക്കരണം)**

അടങ്കൽ:50,000/-( വി.ഫ.)

നിർവ്വഹണ ഉദ്യോഗസ്ഥ : കൃഷി ഓഫീസർ

ചെലവ്: 50,000/-( ബിൽ നം.KVT 5/18-19/18.03.19)

ഗ്രാമപഞ്ചായത്തിലെ മുഴവൻ ജലാശയങ്ങളേയും ഉപയോഗയുക്തമാക്കി ജലലഭ്യതയിൽ സ്വയംപര്യാപ്തമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, തുടർച്ചയായ അവബോധം, പൊതുജനങ്ങൾക്ക് ജലാശയ സംരക്ഷണത്തെക്കുറിച്ച് ബോധവത്ക്കരണം നൽകൽ, ജലാശയങ്ങൾ സംരക്ഷിക്കൽ എന്നിവ ലക്ഷ്യം വെച്ചാണ് മേൽ പ്രോജക്ട് നിർവ്വഹണം നടത്തിയത്.

പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ ഓറിയന്റേഷൻ ക്ലാസിന് പ്രിന്റിംഗ് & സ്റ്റേഷണറി ഇനത്തിൽ 10,000/- രൂപ ആദി ഗ്രാഫിക്സ് എന്ന സ്ഥാപനത്തിനും ക്ലാസിന്റെ ഓണറേറിയം ഇനത്തിൽ 4000/- രൂപയും ഭക്ഷണത്തിനായി 24000/- രൂപയും ഓഡിറ്റോറിയം വാടക ഇനത്തിൽ 6000/- രൂപയും മൈക്ക് സെറ്റ് ചാർജ്ജിനത്തിൽ 4500/- രൂപയും ഫോട്ടോ, പരസ്യ ഇനങ്ങളിലായി 750/- രൂപ വീതവുമുൾപ്പെടെ ആകെ 50000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഉത്പാദനപരമല്ലാത്ത മേളകൾ, ബോധവത്ക്കരണ ക്യാമ്പേയിനുകൾ തുടങ്ങിയവയ്ക്ക് വികസനഫണ്ടിൽ നിന്ന് തുക ചെലവഴിക്കാൻ പാടില്ലാ എന്നിരിക്കെ ഇപ്രകാരം പദ്ധതിയ്ക്കായി തുക ചെലവഴിച്ച കാണുന്നു. ടി വിഷയത്തിൽ നൽകിയ ഓഡിറ്റന്വേഷണത്തിന് നൂതന പ്രോജക്ടായതിനാലാണ് വികസനഫണ്ടിൽ നിന്നും തുക ചെലവഴിച്ചത് എന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയത്. നൂതന

പ്രോജക്ട് സംബന്ധിച്ച് ജില്ലാ വിദഗ്ധ സമിതിയുടെ അനുമതിയോ സർക്കാർ അനുമതിയോ സംബന്ധിച്ച രേഖകൾ ലഭ്യമാക്കാത്തതിനാൽ പദ്ധതിയ്ക്കായി ചെലവഴിച്ച 50000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 1-18 എസ്.സി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങൽ - ഒരു ഗുണഭോക്താവിന് പഠനോപകരണം നൽകിയിട്ടില്ല.

എച്ച്.എം ഗവ: എൽ.പി.എസ് കുമാരപുരം നിർവ്വഹണം നടത്തിയ എസ്.സി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങുന്നതിനായി അംഗീകാരം ലഭിച്ച S0048/19 - ാം നമ്പർ പ്രോജക്ടിനായി വികസനഫണ്ടിൽ നിന്നും (എസ്.സി.പി.) 125000/- രൂപയാണ് വകയിരുത്തിയത്. 19.12.2018-ലെ ബിൽ നം. 2/2018 പ്രകാരം 115000/- രൂപ ചെലവഴിച്ച് സിഡ്കോയിൽ നിന്നും 23 എണ്ണം വീതം സ്റ്റീൽ മേശയും കസേരയും വാങ്ങി. 23 മേശയും കസേരയും വാങ്ങിയെങ്കിലും വിതരണ രജിസ്റ്റർ പ്രകാരം 22 എണ്ണമാണ് വിതരണം ചെയ്തിട്ടുള്ളത്. 22 പേരുടെ രേഖകളാണ് ഫയലിലും സൂക്ഷിച്ചിട്ടുള്ളത്. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഒരു കുട്ടിക്ക് പഠനോപകരണം നൽകിയിട്ടില്ലെന്നും ഉടൻതന്നെ വിതരണം ചെയ്യാമെന്നുമാണ് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി നൽകിയിട്ടുള്ളത്. വിതരണം ചെയ്യാത്ത ഒരു മേശയുടേയും കസേരയുടേയും ചെലവ് 5000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അർഹതയുള്ള ഗുണഭോക്താവിനെ കണ്ടെത്തി മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് പഠനോപകരണം നൽകേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥ 30.05.2019-ൽ പഞ്ചായത്തിന് നൽകിയ കത്തിൽ പ്രസ്തുത പ്രോജക്ടിനായി 4 സ്കൂളുകളിൽ നിന്നായി 23 പേരുടെ ലിസ്റ്റ് കിട്ടിയെങ്കിലും 16 പേർ മാത്രമാണ് അനുബന്ധരേഖകൾ സമർപ്പിച്ചതെന്നും 3 കുട്ടികൾ 1-ാം വാർഡിൽ നിന്നും 2 കുട്ടികൾ 5-ാം വാർഡിൽ നിന്നും അനുബന്ധരേഖകൾ തന്നിട്ടുണ്ടെന്നും ഇനിയും 2 കുട്ടികൾ കൂടി ലഭിച്ചാൽ മാത്രമേ പഠനോപകരണങ്ങളുടെ വിതരണം പൂർത്തിയാകു എന്നും അറിയിച്ചിട്ടുണ്ട്. യോഗ്യരായ ഗുണഭോക്താക്കളെ കണ്ടെത്തിയതിനു ശേഷം അവരുടെ എണ്ണത്തിന് അനുസൃതമായല്ല ഉപകരണങ്ങൾ വാങ്ങിയത് എന്ന് ഇതിൽ നിന്നും വ്യക്തമാണ്. ഇക്കാരണത്താലാണ് ഒരു കുട്ടിക്ക് നൽകേണ്ട പഠനോപകരണം നൽകുവാൻ കഴിയാതെ വന്നത്. ഇത്തരത്തിലുള്ള അപാകതകൾ തുടർന്ന് ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# 1-19 ബാലസഭ – വികസനഫണ്ടിൽ നിന്നും അധികതുക ചെലവഴിച്ചു.

ഗ്രാമപഞ്ചായത്തിലെ ബാലസഭ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കുക എന്ന ലക്ഷ്യത്തോടെ എച്ച്.എം നിർവ്വഹണം നടത്തിയ S0073/19നമ്പർ പ്രോജക്ടിനായി വികസനഫണ്ടിൽ നിന്നും 75849/- രൂപയാണ് വകയിരുത്തിയിട്ടുള്ളത്. 14.03.2019-ലെ ബിൽ നം. 4/2019 പ്രകാരം 62825/- രൂപ ചെലവഴിച്ചിട്ടുണ്ട്. 14.02.2018 ലെ ജി.ഒ.(എം.എസ്) 22/2018/ത സ്വ ഭ വ സബ്സിഡി മാർഗ്ഗരേഖ പ്രകാരം ബാലസഭാ പ്രവർത്തനങ്ങൾക്കായി ഗ്രാമ പഞ്ചായത്തുകൾ വാർഡ് ഒന്നിന് 1000/- രൂപയും പഞ്ചായത്ത് തല പ്രവർത്തനത്തിന് 40000/- രൂപയുമാണ് ചെലവഴിക്കാവുന്നത്. എന്നാൽ പഞ്ചായത്തുതലത്തിലുള്ള ബാലസഭ പ്രവർത്തനങ്ങൾക്കായി ഗ്രാമ പഞ്ചായത്തിൽ 62825/- രൂപ ചെലവഴിച്ചിട്ടുണ്ട്. അധിക തുക ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് തൃപ്തികരമായ മറുപടി ലഭ്യമാക്കിയില്ല. വികസനഫണ്ടിൽ നിന്നും അധികം ചെലവഴിച്ച 22825/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 1-20 സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് - നിർവ്വഹണത്തിലെ അപാകതകൾ

ഗ്രാമ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും തെരുവ് വിളക്ക് പ്രകാശിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സെക്രട്ടറി നിർവ്വഹണം നടത്തിയ S0020/19 നമ്പർ പ്രോജക്ടിൽ തെരുവ് വിളക്ക് പരിപാലനത്തിനായി ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 400000/- രൂപ വകയിരുത്തിയിരുന്നു. പ്രോജക്ടിനായി ടെൻഡർ ക്ഷണിച്ച് ശ്രീ.

ഓമനക്കുട്ടൻ പിള്ള, അരുൺ ഇലക്ട്രിക്കൽസ് എന്ന വ്യക്തിയുടെ എസ്റ്റിമേറ്റ് നിരക്കിലുള്ള ടെൻഡർ അംഗീകരിച്ചു. കെ.എസ്.ഇ.ബി യുടെ നിരക്കാണ് എസ്റ്റിമേറ്റ് നിരക്കായി കണക്കാക്കിയിട്ടുള്ളത്. തെരുവ് വിളക്ക് പരിപാലനത്തിനായി 2018-19 വർഷത്തിൽ 300000/- രൂപയും (ബിൽ നം.20/20.03.2019) 2019-20 വർഷം 100000/- രൂപയും ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ടിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രം, വിശദമായ സ്റ്റേറ്റ്മെന്റ് എന്നിവ കെ.എസ്.ഇ.ബി അസി.എഞ്ചിനീയർ കൗണ്ടർസൈൻ ചെയ്ത് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ പല വാർഡുകളിലും ഈ രണ്ട് സ്റ്റേറ്റ്മെന്റുകളും തമ്മിൽ വ്യത്യാസമുള്ളതായി കാണുന്നു.

2) 300000/- രൂപ നൽകുന്നതിനുമുമ്പ് അറ്റകുറ്റപ്പണി നടത്തിയ ആകെ തെരുവ് വിളക്കുകളുടെ എണ്ണം, ഇനം എന്നിവ കണക്കാക്കുകയോ നിരക്കിന്റെ അടിസ്ഥാനത്തിൽ നൽകേണ്ട തുക കാൽക്കുലേറ്റ് ചെയ്യുകയോ ചെയ്തിട്ടില്ല. 152324/- രൂപയ്ക്ക് ഉപകരണങ്ങൾ വാങ്ങിയതിന്റെ ബില്ലുകൾ കരാറുകാരൻ ഹാജരാക്കിയിട്ടുണ്ട്. എന്നാൽ അപേക്ഷയോടൊപ്പം അറ്റകുറ്റപ്പണി നടത്തിയ തെരുവ് വിളക്കുകളുടെ എണ്ണം സംബന്ധിച്ച വിശദാംശങ്ങൾ ഹാജരാക്കിയില്ല.

3) ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ മുഴുവൻ തെരുവുവിളക്കുകളുടെ പോസ്റ്റ് നമ്പർ ഉൾപ്പെടെയുള്ള വിവരങ്ങൾ രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

4) കേടായ ഉപകരണങ്ങൾ തിരികെ ഏല്പിച്ചതിന്റെ വിവരം രേഖപ്പെടുത്തിയ രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ് സൂക്ഷിച്ചിട്ടില്ല.

5) ഗ്രാമ പഞ്ചായത്തും കെ.എസ്.ഇ.ബി അധികൃതരുമായി ചേർന്ന് തെരുവ് വിളക്കുകളുടെ എണ്ണം, ഇനം എന്നിവ സംബന്ധിച്ച് സംയുക്തപരിശോധന നടത്തിയിട്ടില്ല.

6)മെയിന്റനൻസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

7) തെരുവ് വിളക്കുകളുടെ പ്രവർത്തനം സംബന്ധിച്ച പരാതികൾ സ്വീകരിക്കുന്നതിനും തുടർനടപടികൾക്കുമായി നോഡൽ ഓഫീസറെ നിയമിച്ചിട്ടില്ല. പരാതി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

പ്രസ്തുത അപാകതകളുടെ അടിസ്ഥാനത്തിൽ 300000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 1-21 തുക സ്ഥാപനങ്ങൾക്ക് മുൻകൂറായി നൽകിയെങ്കിലും മരുന്നുകളും മെഡിക്കൽ ഉപകരണങ്ങളും ലഭിച്ചിട്ടില്ല.

**1)ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നു വാങ്ങൽ**

ഹോമിയോ ഡിസ്പെൻസറിക്കാവശ്യമായ മരുന്നു വാങ്ങുന്നതിനായി തയ്യാറാക്കിയ S0001/19 നമ്പർ പ്രോജക്ടിനായി റോഡിതര മെയിന്റനൻസ് ഗ്രാന്റിൽ നിന്നും 200000/- രൂപയാണ് വകയിരുത്തിയിരുന്നത്. ഇതിനുസരിച്ച് 27.11.2018-ലെ ബിൽ നം. 1/2018-19 പ്രകാരം 200000/- രൂപ HOMCO ക്ക് മുൻകൂറായി നൽകി. എന്നാൽ ഇൻവോയ്സ് നം. LF-704/20.07.2019 പ്രകാരം 136050/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ശേഷിക്കുന്ന 6395/- രൂപയുടെ മരുന്നുകൾ എത്രയുംവേഗം എത്തിക്കാമെന്ന് സ്ഥാപനം ഉറപ്പുനൽകിയതായി മറുപടി നൽകിയിട്ടുണ്ട്. മരുന്നു ലഭ്യമായിട്ടില്ലാത്ത സാഹചര്യത്തിൽ 63950/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**2) ആയുർവേദ ഡിസ്പെൻസറിക്ക് മരുന്നു വാങ്ങൽ**

ആയുർവേദ ഡിസ്പെൻസറിക്ക് മരുന്നു വാങ്ങൽ എന്ന S0007/19 നമ്പർ പ്രോജക്ടിനായി റോഡിതര മെയിന്റനൻസ് ഗ്രാന്റിൽ നിന്നും 240588/- രൂപയാണ് വകയിരുത്തിയിരുന്നത്. 29.11.2018-ലെ ബിൽ നം.1A/2018-19 പ്രകാരം 200000/- രൂപയും 26.02.2019-ലെ ബിൽ നം. 2A/2018-19 പ്രകാരം 40558/- രൂപയും ഉൾപ്പെടെ 240588/- രൂപ പിൻവലിച്ച് ഔഷധിക്ക് മുൻകൂറായി നൽകി. എന്നാൽ 200000/- രൂപയുടെ മരുന്നുകൾ ലഭിച്ചതിന്റെ രേഖകൾ മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. 40558/- രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടുണ്ടോ എന്നറിയിക്കുവാനും തുകയുടെ കൈപ്പറ്റ് രസീത് ഹാജരാക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്

ഔഷധിയിൽ നിന്നും എത്രയും വേഗം രസീതും മരുന്നുകളും ലഭ്യമാക്കാമെന്ന് അറിയിച്ചിട്ടുണ്ടെന്ന് മറുപടി നൽകിയിട്ടുണ്ട്. ലഭ്യമാക്കാത്ത മരുന്നുകളുടെ ചെലവ് 40558/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

3) മെഡിക്കൽ ഓഫീസർ, പി.എച്ച്.സി നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പദ്ധതികൾ പ്രകാരം മരുന്നുകളും മെഡിക്കൽ ഉപകരണങ്ങളും വാങ്ങുന്നതിനായി തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും വളരെ കുറച്ച് മരുന്നുകൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ പേര്/നം | KMSCLന് /ഔഷധിക്ക് നൽകിയ തുക/ബിൽ നം | ലഭിച്ച മരുന്നുകൾ | ലഭിക്കാൻ അവശേഷിക്കുന്ന മരുന്നുകളുടെ തുക |
|---|---|---|---|
| പി.എച്ച്.സി. ക്ക് മരുന്ന് വാങ്ങൽ(പ്രോജക്ട് നം.51) | 2,00,000/- (Bill No. 5/29.11.18) | 137509/-<br>(Inv No.314 /9.4.19, 66521/-, Inv No. 5029/ 9.8.19,70988/-) | 62491/- |
| സാന്ത്വന പരിചരണ പരിപാടി<br>(പ്രോജക്ട് നം.49) | 1,69,979/- (Bill No. 4/ 9.11.18) | 64010/-<br>(Inv No.808/22.4.19,36005/-,Inv No.1051/26.4.19, 7488/-,Inv No.4702/31.7.19,20517/-) | 105969/- |
| | 23604/-(Bill No. 9/ 25.3.19) മെഡിക്കൽ ഉപകരണങ്ങൾ | ലഭിച്ചിട്ടില്ല. | 23604/- |
| | 299956/-(ബ്ലോക്ക് വിഹിതം) | 38911/-(Inv No.2869/30.5.19, 1479/-,Inv No.5021/9.8.19, 37432/-) | 261045/- |
| | 20,000/-(ഔഷധിക്ക് നൽകി.Bill No.3/29.11.18) | 8042/-<br>(Inv.No 90096912/ 31.12.18) | 11958/- |
| ആകെ | | | 465067 |

ലഭിക്കാൻ അവശേഷിക്കുന്ന മരുന്നിനും മെഡിക്കൽ ഉപകരണങ്ങൾക്കുമായി ചെലവഴിച്ച 465067/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 1-22 ഇടവിളകൃഷി- പ്രോജക്ട് നിർവ്വഹണത്തിലെ ന്യൂനതകൾ

പഞ്ചായത്തിലെ 15 വാർഡുകളിലേക്കും 250 പായ്ക്കറ്റ് കിഴങ്ങ് വർഗ്ഗങ്ങൾ വിതരണം ചെയ്യുന്നതിനാണ് പ്രോജക്ട്.

**പ്രോ നം. 126/19(ഇടവിളകൃഷി(വനിത))**

അടങ്കൽ:10ലക്ഷം/-

ചെലവ്: 10ലക്ഷം/- ( 1. ബിൽ നം.KVT 6/18-19/21.03.19)

ആയത് പ്രകാരം കേരള അഗ്രോഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്നും താഴെ പറയും പ്രകാരം കിഴങ്ങ് വർഗ്ഗങ്ങൾ വാങ്ങിയതായി കാണുന്നു.

| ക്രമ നം. | ഇനം | നിരക്ക് | തുക |
|---|---|---|---|
| 1 | ചേന 50kg | Rs. 45/kg | 2250 |
| 2 | കാച്ചിൽ 16kg | Rs. 65/kg | 1040 |
| 3 | ചേമ്പ് 10 kg | Rs. 71/kg | 710 |
| | | | |

| | | | |
|---|---|---|---|
| | | ആകെ | 4000/- |

ഇത് ഒരു കിറ്റിൽ ഉൾപ്പെടുന്ന കിഴങ്ങുവർഗ്ഗങ്ങളുടെ അളവാണ്. ഇപ്രകാരം 250 കിറ്റിന്റെ വിലായ പത്ത് ലക്ഷം രൂപ SBI A/C No. 57067905308 ലേയ്ക്ക് ഓൺലൈൻ ട്രാൻസ്ഫർ നൽത്തിയിട്ടുണ്ട്.

1. 2018-19-ലെ അംഗീകൃത ജില്ലാതല യൂണിറ്റ് കോസ്റ്റ് പ്രകാരം ചേന, കാച്ചിൽ, ചേമ്പ് എന്നീ ഇനങ്ങളുടെ യൂണിറ്റ് കോസ്റ്റ് കിലോഗ്രാമിന് യഥാക്രമം 35/kg, 50/kg, 70/kg എന്നിങ്ങനെയാണ്. എന്നാൽ പ്രസ്തുത യൂണിറ്റ് കോസ്റ്റിൽ കൂടുതലായി സ്ഥാപനത്തിന് തുക നൽകി. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം. | ഇനം | നൽകിയ നിരക്ക് | നൽകിയ തുക | അനുവദനീയമായ നിരക്ക് | അനുവദനീയമായ തുക | അധികം |
|---|---|---|---|---|---|---|
| 1 | ചേന 50kg | Rs. 45/kg | 2250 | Rs. 35/kg | 1750 | 500 |
| 2 | കാച്ചിൽ 16kg | Rs. 65/kg | 1040 | Rs. 50/kg | 800 | 240 |
| 3 | ചേമ്പ് 10 kg | Rs. 71/kg | 710 | Rs. 70/kg | 700 | 10 |
| | | | | | ആകെ | 750 |

കിഴങ്ങ് കിറ്റൊന്നിന് 750/- രൂപ അധികം ചെലവഴിച്ചിട്ടുണ്ട്. ഇപ്രകാരം 250 കിറ്റുകൾക്കായി ആകെ 187500/- രൂപ പദ്ധതി പ്രകാരം അധികം നൽകി.

2. പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമല്ല. പ്രോജക്ട് വിഭാവനം ചെയ്യുന്ന രീതിയിൽ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് കിഴങ്ങുൽപ്പാദനം വർദ്ധിച്ചത് സംബന്ധമായ വിലയിരുത്തലോ റിപ്പോർട്ടോ ലഭ്യമല്ല.

തുടർവിലയിരുത്തൽ റിപ്പോർട്ടുകളുടെ അഭാവത്തിൽ പദ്ധതി ലക്ഷ്യം കൈവരിച്ചോ എന്നത് വ്യക്തമല്ല, ആയതിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്. യൂണിറ്റ് കോസ്റ്റിലധികരിച്ച് നൽകിയ 1,87,500/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രോജക്ടിൽ വിഭാവനം ചെയ്ത രീതിയിൽ കിഴങ്ങുത്പാദനം വർദ്ധിച്ചത് സംബന്ധിച്ച റിപ്പോർട്ട്, യൂണിറ്റ് കോസ്റ്റിലധികരിച്ച് തുക നൽകിയത് തടഞ്ഞ സർക്കാർ സാധൂകരണം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-23 ജാഗ്രതാസമിതി-പ്രവർത്തനം ആരംഭിച്ചിട്ടില്ല

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ ജാഗ്രതാ സമിതി എന്ന പ്രോജക്ടിൽ 75000/- രൂപയുടെ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. എന്നാൽ ഉപകരണങ്ങൾ വാങ്ങുകയല്ലാതെ മറ്റ് ഒരു പ്രവർത്തനവും ഇതുമായി ബന്ധപ്പെട്ട് നടത്തിയതായി കാണുന്നില്ല. ജാഗ്രതാ സമിതിയുടെ മിനിറ്റ്സ് ബുക്ക് ഹാജരാക്കിയതിൽ ഒരു പ്രാവശ്യം പോലും ഇത് സംബന്ധിച്ച യോഗം നടത്തിയതായി കാണുന്നില്ല. സ.ഉ.(എം.എസ്) നം.31/07 സാ.ക്ഷേ.വ തിരുവനന്തപുരം തീ.23.06.2007 അനുസരിച്ചുള്ള യാതൊരു പ്രവർത്തനങ്ങളും കരുവാറ്റ ഗ്രാമപഞ്ചായത്തിൽ നടത്തിയിട്ടില്ല. വാർഡ് തല ജാഗ്രതാ സമിതിയിൽ ഉണ്ടായിരിക്കേണ്ട ജനറൽ ബോഡിയോ എക്സിക്യൂട്ടീവ് കമ്മറ്റിയോ രൂപീകരിക്കുകയോ ഇതിലെ അംഗങ്ങളെ തെരഞ്ഞെടുക്കുകയോ ചെയ്തതായി കാണുന്നില്ല. ഇത് സംബന്ധിച്ച എന്തെങ്കിലും പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെങ്കിൽ വിവരം അടിയന്തരമായി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് 30.09.2019 ൽ നൽകിയ 24-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ഉപകരണങ്ങൾ വാങ്ങിയത് ഓഫീസ് സജ്ജമാക്കുന്നതിനും അങ്കണവാടികളിൽ പരാതി സ്വീകരിക്കുന്നതിനും മറ്റുമായിട്ടാണ് എന്നും പഞ്ചായത്ത് തലത്തിൽ വാർഡ് തല ജാഗ്രതാസമിതി പുനസംഘടിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുള്ളതായും പഞ്ചായത്തിൽ ഒരു മുറി സജ്ജമാക്കി തരുവാൻ സെക്രട്ടറിയോട് ആവശ്യപ്പെട്ടിട്ടുണ്ട് എന്നും മറുപടി നൽകിയിട്ടുണ്ട്. ജാഗ്രതാസമിതി എത്രയുംവേഗം പ്രവർത്തനം ആരംഭിക്കേണ്ടതാണ്.

## 1-24 പൊതുടാപ്പുകളുടെ വെള്ളക്കരം - സംയുക്തപരിശോധന നടത്തിയിട്ടില്ല

കേരള വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരം ഗ്രാമ പഞ്ചായത്തിൽ ഒരു വാട്ടർ ടാപ്പിന് പ്രതിവർഷം 5250/- രൂപ പ്രകാരം 327 പൊതുടാപ്പുകൾക്ക് പ്രതിമാസം 143063/- രൂപയാണ് വെള്ളക്കരമിനത്തിൽ അടവാക്കുന്നത്. 2018-19 വർഷം വെള്ളക്കരം അടയ്ക്കൽ റീക്കുപ്പ് ചെയ്യുക (പ്രോജക്ട് നം. S0004/19) എന്ന പ്രോജക്ടിൽ ഉൾപ്പെടുത്തി മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡിൽ നിന്നും 1709000/- രൂപ വെള്ളക്കരം അടച്ച വകയിൽ തനതുഫണ്ടിലേക്ക് റീക്കുപ്പ് ചെയ്തിട്ടുണ്ട്. പഞ്ചായത്തിൽ നിലവിലുള്ള പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് കേരള വാട്ടർ അതോറിറ്റിയും ഗ്രാമ പഞ്ചായത്തും ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല. ടാപ്പുകളുടെ എണ്ണത്തിന്റെ കൃത്യത ഉറപ്പുവരുത്താതെ വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്യുന്ന തുക അതേപടി നൽകുകയാണ് ചെയ്യുന്നത്. സംയുക്തപരിശോധന നടത്തിയിട്ടുണ്ടെങ്കിൽ ഫയൽ പരിശോധനയ്ക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് സംയുക്ത പരിശോധന നടത്തുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഗ്രാമ പഞ്ചായത്തിൽ നിന്നും ഓരോവർഷവും ധാരാളം കുടിവെള്ള കണക്ഷൻ നൽകുന്നുണ്ടെങ്കിലും വെള്ളക്കരമിനത്തിൽ കുറവ് വന്നിട്ടില്ല. സംയുക്തപരിശോധന നടത്തി പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലാണ് തുക നൽകുന്നതെന്നും ഈ ഇനത്തിൽ ഗ്രാമ പഞ്ചായത്തിന് നഷ്ടം ഉണ്ടാകുന്നില്ലെന്നും ഉറപ്പാക്കേണ്ടതാണ്. സംയുക്ത പരിശോധന നടത്തുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-25 അഗതി രഹിത കേരളം- പ്രോജക്ട് രൂപീകരിച്ച് പദ്ധതിപ്പണം കൈമാറിയെങ്കിലും ലക്ഷ്യം കൈവരിച്ചില്ല

2018-19 വർഷം അസി. സെക്രട്ടറി നിർവ്വഹണോദ്യാഗസ്ഥയായി അഗതി രഹിത കേരളം (പ്രോ നം.128/19) എന്ന പ്രോജക്ടിൽ വികസനഫണ്ടിൽ നിന്നും 65923/- രൂപയും തനത് ഫണ്ടിൽ നിന്ന 34077/- രൂപയും വകയിരുത്തി തുക ആകെ ഒരു ലക്ഷം രൂപ അഗതിരഹിതകേരളം എന്ന വിജയ ബാങ്കിന്റെ അക്കൗണ്ടിലേയ്ക്ക് (അക്കൗണ്ട് നം. 209301011002809) തുക കൈമാറിയിട്ടുണ്ട്.

(ബിൽ നം. 17/18-19/26.3.19- 65923/-; ചെക്ക് നം. 2303701/25.03.19 -34077/-) അഗതികൾക്ക് ആരോഗ്യസേവനം, മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കൽ എന്നിവയായിരുന്ന പദ്ധതി ലക്ഷ്യമിട്ടിരുന്നത്. എന്നാൽ ടി തുക നാളിതുവരെ വിനിയോഗിക്കാതെ അക്കൌണ്ടിൽ അവശേഷിക്കുന്നു. പാസ് ബുക്ക് പ്രകാരം 21.08.2019-ൽ 1432644/- രൂപ അവശേഷിക്കുന്നതായും കാണുന്നു. ടി വിഷയത്തിൽ നൽകിയ ഓഡിറ്റന്വേഷണത്തിന് അക്കൌണ്ടിൽ അവശേഷിക്കുന്ന തുകയായ 14,32,644/- രൂപയിൽ 12,32,644/- രൂപ ചലഞ്ച് ഫണ്ടും 2018-19 ലെ പദ്ധതി പണമായ ഒരു ലക്ഷവും ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്തിൽ ഉള്ള 154 അഗതി ഗുണഭോക്താക്കൾക്കും ഹെൽത്ത് കാർഡ് ലഭിച്ചിട്ടില്ലെന്നും ഹെൽത്ത് ക്യാമ്പ് സംഘടിപ്പിക്കുന്ന മുറയ്ക്ക് ആയത് നൽകുമെന്നും സ്ഥാപനം മറുപടി നൽകുകയുണ്ടായി. ഇതിൽ നിന്നും പ്രോജക്ടിൽ വിഭാവനം ചെയ്ത പ്രവൃത്തികൾ ഒന്നും തന്നെ നടത്തിയിട്ടില്ലായെന്ന വ്യക്തമാണ്. അടിസ്ഥാന സൗകര്യം ആവശ്യമുള്ള ഗുണഭോക്താക്കളുടെ എണ്ണം താഴെ കൊടുക്കുന്നു.

| ഇനം | എണ്ണം |
|---|---|
| ഭൂരഹിതർ | 2 |
| ഭവനരഹിതർ | 3 |
| ശൗചാലയ സൗകര്യം ഇല്ലാത്തവർ | 5 |
| കുടിവെള്ള സൗകര്യം ലഭിച്ചിട്ടില്ലാത്തവർ | 5 |
| | |

| | |
|---|---|
| വൈദ്യുതി കണക്ഷൻ ലഭിക്കാത്തവർ | 5 |
| ഹെൽത്ത് കാർഡ് ലഭിച്ചിട്ടില്ലാത്തവർ | 15 |

അഗതികൾക്ക് പ്രോജക്റ്റിൽ വിഭാവനം ചെയ്ത രീതിയിൽ ആരോഗ്യസേവനങ്ങൾ നൽകി ആയതിന്റെ ബിൽ, വൗച്ചറുകൾ എന്നിവ ഓഡിറ്റിന് ഹാജരാക്കുന്നതു വരെ ചെലവ് തുക ഒരു ലക്ഷം രൂപ തടസ്സപ്പെടുത്തുന്നു.

ലഭ്യമായ ഫണ്ടുപയോഗിച്ച് അഗതി ലിസ്റ്റിലുള്ളവർക്ക് ആവശ്യമായ സേവനങ്ങൾ അടിയന്തരമായി ലഭ്യമാക്കേണ്ടതാണ്.

## 1-26 പ്രവൃത്തി പൂർത്തീകരണ കാല താമസത്തിന് പിഴ ഈടാക്കിയില്ല.

2012-ലെ കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിലെ സെക്ഷൻ 2112-1 പ്രകാരം കരാർ പ്രവൃത്തി നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്നും നിശ്ചിത ശതമാനം പിഴ ഈടാക്കേണ്ടതുണ്ട്. ഏതെങ്കിലും കാരണവശാൽ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കാത്ത പക്ഷം, നിർദ്ദിഷ്ട പൂർത്തീകരണ കാലാവധിക്കു മുമ്പ് തന്നെ കരാറുകാരൻ രേഖാമൂലം കാലദൈർഘ്യത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതും അപേക്ഷ പരിശോധിച്ച് തക്കതായ കാരണമുള്ള പക്ഷം സമയം ദീർഘിപ്പിക്കാവുന്നതാണ് (ഓരോ തവണയും കാലാവധിയുടെ 25 ശതമാനത്തിൽ അധികരിക്കാത്ത വിധം). ഇപ്രകാരം കാലാവധിയുടെ 50% വരെ പരമാവധി പൂർത്തീകരണ സമയം ദീർഘിപ്പിക്കാവുന്നതാണ്. ഇതിന് ആദ്യതവണ PAC യുടെ 1% എന്ന നിരക്കിലും (കുറഞ്ഞത് ₹1000/-, പരമാവധി ₹50000/-) രണ്ടാം തവണ PAC യുടെ 2% എന്ന നിരക്കിലും (കുറഞ്ഞത് ₹2000/-, പരമാവധി ₹100000/-) പിഴ ഈടാക്കി പുതുക്കിയ കാലാവധിക്കനുസരിച്ച് സപ്ലിമെന്ററി എഗ്രിമെന്റ് ചമയ്ക്കേണ്ടതുമാണ്.

എന്നാൽ നിശ്ചിത കാലാവധിക്കു ശേഷം പൂർത്തീകരിച്ച താഴെ കൊടുത്തിരിക്കുന്ന പ്രോജക്റ്റുകളിൽ ഇപ്രകാരം കരാറുകാരൻ/കൺവീനർ സമയദൈർഘ്യത്തിനുള്ള അപേക്ഷ സമർ പ്പിക്കുകയോ പിഴ ഈടാക്കി സപ്ലിമെന്ററി എഗ്രിമെന്റ് ചമയ്ക്കുകയോ ചെയ്തതായി കാണുന്നില്ല.

വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കരാർനം, കരാറുകാരൻ ,എം.ബുക്ക് നം, പി.എ.സി. | കരാർ കാലാവധി, കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി | പ്രവൃത്തി പൂർത്തീകരിച്ച തീയതി. | ഈടാക്കിയ പിഴ | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|---|---|---|
| 1 | 10/AE/17-18/LSGD/ dt: 05.12.2017<br>ശ്രീ വല്ലഭൻ<br>12/17-18<br>(587260/-രൂ. AgreedPAC )<br>പ്രോ.നം. 53/18<br>(കടുവൻകുളങ്ങര മാർത്തോമപള്ളി റോഡ് ടാറിംഗ് )<br>പ്രവൃത്തിമൂല്യം-625168/- രൂപ(without tender | 3മാസം.<br>(05.03.2018) | 26.03.18 | Nil | 5873/-<br>(1% ) |

| | | | | | |
|---|---|---|---|---|---|
| | deduction)<br>588346/- രൂപ (നികുതികൾ, മറ്റു കിഴിവുകൾ ഉൾപ്പടെ)<br>ബിൽ നം. 03/18-19/03.05.18 | | | | |
| 2 | 17/AE/LSGD/18-19 തീ: 10.10.2018<br>ഷൈൻ പി.<br>20/18-19 എക്രിഡ് പി.എസി<br>(679250/-രൂ.)<br>പ്രോ.നം. 57/19(പുന്നമൂട് ഊട്ട്പറമ്പ് ബാക്കിഭാഗം റോഡ് ടാറിംഗ് - വാർഡ് 4)<br>പ്രവൃത്തിമൂല്യം-679250/-രൂപ (നികുതികൾ, മറ്റു കിഴിവുകൾ ഉൾപ്പടെ)<br>ബിൽനം. 28/18-19/ തീ:28.03.19- 453760(Q bill)<br>(ബിൽ നം. 29/18-19/ തീ:28.03.19- 65600(Q bill)<br>(ചെക്ക് നം. 2303702/26.03.19 – 159882/-)<br>(Rs. 8 Shortfall) | 3 മാസം<br>10.01.2019 | 07.03.2019 | Nil | 20378/-<br>(3%) |
| | | | | ആകെ | 26251/- രൂപ |

ടി അപാകതയിന്മേലുള്ള വിശദീകരണം അടിയന്തരമായി ഓഡിറ്റിൽ ലഭ്യമാക്കാൻ ആരാഞ്ഞ് നൽകിയ ഓഡിറ്റന്വേഷണത്തിന് (14/27.09.2019)കരാറുകാരനിൽ നിന്നും പിഴ ഈടാക്കി അടവാക്കുന്നതാണെന്ന് നിർവ്വഹണ ഉദ്യാഗസ്ഥ മറുപടി ലഭ്യമാക്കുകയുണ്ടായി.

പിഴ തുക കരാറുകാരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ് . അല്ലാത്ത പക്ഷം പിഴ ഈടാക്കാൻ ഉത്തരവാദിയായിരുന്ന അസി.എഞ്ചിനിയറുടെ ബാധ്യതയായി നിലനിർത്തുന്നതാണ്. വിവിധ പ്രവൃത്തികൾ പൂർത്തിയാക്കാൻ ആവശ്യമായ സമയം അനുവദിച്ച് മാത്രം പൂർത്തീകരണ കാലാവധി നിശ്ചയിക്കുന്നതിന് ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-27 പ്രിന്ററർ വാങ്ങലിലെ അപാകത- ചെലവ് തുക തടസ്സപ്പെടുത്തുന്നു.

പ്രോ നം. 15/19(കൃഷി ഭവനിലേയ്ക്ക് കമ്പ്യൂട്ടർ, ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങൽ)

അടങ്കൽ:50000/-

ചെലവ്: 46340/- ( 1. ബിൽ നം.KVT 3/18-19/31.12.18- 32090/-

2. ബിൽ നം.KVT 4/18-19/18.03.19- 14250/-)

കൃഷി ഭവനിലേയ്ക്ക് കമ്പ്യൂട്ടർ, ഫോട്ടോസ്റ്റാറ്റ് മെഷീൻ എന്നിവ വാങ്ങുന്നതിനാണ് പ്രോജക്ട് തയാറാക്കി അംഗീകാരം വാങ്ങിയിരുന്നത്. എന്നാൽ പദ്ധതി നിർവ്വഹണത്തിൽ ഫോട്ടോസ്റ്റാറ്റ് മെഷീന പകരം പ്രിന്റർ ആണ് പർച്ചേസ് ചെയ്തതായി കാണുന്നത്. തദനുസരണം പ്രോജക്ട് റിവൈസ് ചെയ്ത് അംഗീകാരം വാങ്ങിയിട്ടില്ല . കെ.എസ്.ഇ.ഡി.സി. ലിമിറ്റഡ് എന്ന കെൽട്രോൺ സ്ഥാപനത്തിൽ നിന്നും ലഭിച്ച പ്രഫോർമ ഇൻവോയ്സ് പ്രകാരം Epson M200 Mono ALL-in-One Ink Tank Printer 14250/- രൂപയ്ക്ക് വാങ്ങിയതായാണ് രേഖ.(Invoice No.TVM/ITBG/PI/VN/469/18-19/dt:07.11.18) എന്നാൽ 03.04.2019-ലെ സർവ്വീസ് കാൾ റിപ്പോർട്ട് പ്രകാരം Dell കമ്പനിയുടെ പ്രിന്ററിന്റെ ഇൻസ്റ്റലേഷൻ റിപ്പോർട്ടാണ് പ്രോജക്ട് ഫയലിനോടൊപ്പം ഹാജരാക്കിയിട്ടുള്ളത്. (Dell V01180). ഇൻവോയ്സിലേയും ഇൻസ്റ്റലേഷനിലേയും വ്യത്യാസത്തിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ പ്രിന്ററിനായി ചെലവഴിച്ച തുക 14250/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 1-28 ക്വട്ടേഷൻ രേഖകൾ ഹാജരാക്കിയില്ല

മെഡിക്കൽ ഓഫീസർ, പി.എച്ച്.സി നിർവ്വഹണം നടത്തിയ പി.എച്ച്.സി. സബ്സെൻററിന് ഫർണ്ണീച്ചർ,വാട്ടർ ടാങ്ക് എന്ന പദ്ധതിക്കായി(പ്രോജക്ട് നം.133)കേന്ദ്രാവിഷ്കൃത ഫണ്ടിൽ നിന്നും 30,028/-രൂപ (ട്രഷറി ചെക്ക് നം.2303705/27.03.2019) ചെലവഴിച്ചിട്ടുണ്ട്. ശ്രീ സജി എസ് എന്നയാളുടെ അക്കൌണ്ടിലേക്കാണ് തുക നൽകിയിരിക്കുന്നത്. ഫയൽ പരിശോധിച്ചതിൽ 18028/- രൂപയ്ക്ക് പ്ലംബിംഗ് സാധനങ്ങളും വാട്ടർ ടാങ്കും വാങ്ങിയതിന്റെ ബില്ലും 12000/-രൂപ ലേബർ ചാർജ്ജും ഉൾപ്പെടെയുള്ള തുകയാണ് ടിയാന് നൽകിയിട്ടുള്ളത്. എന്നാൽ ഫയലിൽ ക്വട്ടേഷൻ ക്ഷണിച്ചതായ രേഖകളോ വർക്ക് സംബന്ധിച്ച എസ്റ്റിമേറ്റോ സ്റ്റോക്ക് രജിസ്റ്ററോ ഇല്ല. രേഖകൾ ഹാജരാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റന്വേഷണത്തിനുള്ള മറുപടിയിൽ ക്വട്ടേഷൻ വിവരങ്ങൾ പിന്നീട് ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. രേഖകളുടെ അഭാവത്തിൽ ചെലവഴിച്ച 30,028/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 1-29 അങ്കണവാടികൾക്ക് ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല

22.03.2011-ലെ സർക്കുലർ നമ്പർ 31055/ഡി.സി.2/2011/ത.സ്വ.ഭ.വ സർക്കുലർ പ്രകാരം എല്ലാ വർഷവും മെയ് 10- നകം തദ്ദേശഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ/ഓവർസീയർ വാടകകെട്ടിടങ്ങൾ ഉൾപ്പെടെയുള്ള എല്ലാ അങ്കണവാടികളും സന്ദർശിക്കേണ്ടതും പരിശോധിച്ച് ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്. എന്നാൽ 2018-19 വർഷം ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള അംഗൻവാടികൾക്ക് ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല. യാതൊരു കാരണവശാലും സുരക്ഷിതത്വമില്ലാത്ത കെട്ടിടങ്ങളിൽ അങ്കണവാടികൾ പ്രവർത്തിക്കാൻ പാടില്ല. അതിനാൽ അങ്കണവാടികളുടെ വാർഷികപരിശോധന നടത്തി ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് നൽകേണ്ടതും മതിയായ സുരക്ഷിതത്വമില്ലാത്ത കെട്ടിടങ്ങൾക്ക് സുരക്ഷിതത്വ സംവിധാനങ്ങൾ തദ്ദേശഭരണ സ്ഥാപനം ഏർപ്പെടുത്തേണ്ടതുമാണ്.

ഗ്രാമപഞ്ചായത്തിൽ 19 അങ്കണവാടികൾ പ്രവർത്തിയ്ക്കുന്നു. അതിൽ 14 എണ്ണത്തിന് സ്വന്തമായി സ്ഥലവും കെട്ടിടവുമുണ്ട്. ശേഷിക്കുന്ന 5 അങ്കണവാടികളിൽ ഒരെണ്ണത്തിന് കെട്ടിടനിർമ്മാണം നടക്കുന്നു. 3 എണ്ണത്തിന് സ്ഥലം ലഭിച്ചിട്ടുണ്ട്. ഡിപ്പാർട്ട്മെന്റിൽ നിന്നുള്ള വിവിധ സ്കീമുകളിൽപ്പെടുത്തി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുള്ളതായി ഐ.സി.ഡി.എസ് സൂപ്പർവൈസർ അറിയിച്ചിട്ടുണ്ട്. ശേഷിക്കുന്ന ഒരെണ്ണത്തിന് സ്ഥലവും കെട്ടിടവും ഇല്ല. സ്വന്തമായി കെട്ടിടമില്ലാത്ത 4 അങ്കണവാടികൾക്കും എത്രയും വേഗം കെട്ടിടം നിർമ്മിക്കുന്നതിനും സ്വന്തമായി സ്ഥലവും കെട്ടിടവുമില്ലാത്ത 62 - ാം നമ്പർ അങ്കണവാടിക്ക് സ്ഥലവും കെട്ടിവും

ലഭ്യമാക്കുന്നതിനും മറ്റുള്ളവയുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# 1-30 തെരുവ് വിളക്ക് മീറ്റർ സ്ഥാപിക്കൽ - പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല

തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനായി കെ.എസ്.ഇ.ബി യിൽ 2012-13 വർഷം 254400/- രൂപ നിക്ഷേപിച്ചിരുന്നു. പഞ്ചായത്ത് കമ്മറ്റിയുടെ 04.06.2018-ലെ 18(1) തീരുമാനപ്രകാരം 2012-13 വർഷം സ്ട്രീറ്റ് ലൈറ്റ് മീറ്റർ സ്ഥാപിക്കൽ പദ്ധതി പ്രകാരം കെ.എസ്.ഇ.ബി യിൽ 254400/- രൂപ ഡെപ്പോസിറ്റ് ചെയ്തിരുന്നതനുസരിച്ച് പണി പൂർത്തീകരിച്ചതായും 48 സ്ട്രീറ്റ് ലൈറ്റുകൾക്ക് മീറ്ററുകൾ സ്ഥാപിച്ച് കണക്ഷൻ നൽകുന്നതിന് 2784/- രൂപ കൂടി നൽകുവാനും തീരുമാനിച്ചതായും കാണുന്നു. ഇതനുസരിച്ച് 06.09.2018-ൽ വൗച്ചർ നം. 21800323 പ്രകാരം 2784/- രൂപ കെ.എസ്.ഇ.ബി യിൽ അടവാക്കിയിട്ടുണ്ട്. മീറ്ററിംഗ് സമ്പ്രദായം ആരംഭിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മീറ്റർ സ്ഥാപിച്ചുവരുന്നു എന്നും പ്രവൃത്തിയുടെ പൂർത്തീകരണത്തിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്നുമുള്ള മറുപടിയാണ് സെക്രട്ടറി നൽകിയിട്ടുള്ളത്. തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ഈ വിഷയത്തിൽ വികസനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ പ്രത്യേകശ്രദ്ധ ക്ഷണിക്കുന്നു.

# 1-31 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

1) IKM വരിസംഖ്യ അടയ്ക്കൽ

2017-18 വർഷം ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കേണ്ട കുടിശ്ശിക തുക 64100/- രൂപ, 2018-19 വർഷം ലഭ്യമാക്കേണ്ട തുക 70818/- രൂപ ഉൾപ്പടെ ആകെ 134918/- രൂപ IKM ൽ നിന്നും ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പ്രോജക്ട് നം. S002/19 പ്രകാരം ഒരു ലക്ഷം രൂപ വികസന ഫണ്ടിൽ നിന്നും ഇൻഫർമേഷൻ കേരളാ മിഷന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല എന്നറിയിക്കുകയും 70818/- രൂപയുടെ കൈപ്പറ്റ് രസീത് ഹാജരാക്കുകയും ചെയ്തിട്ടുണ്ട്. കൈപ്പറ്റ് രസീത് ഹാജരാക്കാത്തതിനാൽ 29182/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

നിർവ്വഹണം : ഗ്രാമ പഞ്ചായത്ത് സെക്രട്ടറി

ചെലവ് : ബിൽ നം. 6/29.06.2018 70818/-

ബിൽ നം. 18/21.12.2018 29182/-

**<u>2) എസ്.എസ്.എ വിഹിതം അടവാക്കൽ</u>**

എച്ച്.എം.ഗവ.എൽ.പി.എസ് കുമാരപുരം നിർവ്വഹണം നടത്തിയ എസ്.എസ്.എ വിഹിതം അടവാക്കൽ (പ്രോജക്ട് നം. S0047/19)എന്ന പ്രോജക്ടിനായി വികസന ഫണ്ടിൽ നിന്നും 600000/- രൂപയാണ് വകയിരുത്തിയിരുന്നത്. 23.06.2018-ലെ ബിൽ നം. 1/2018 പ്രകാരം 600000/- രൂപ സർവ്വശിക്ഷാ അഭിയാന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. തുകയുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.2/25.09.2019) നൽകിയെങ്കിലും രേഖ ഹാജരാക്കാത്ത സാഹചര്യത്തിൽ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

# 1-32 സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നതിലെ അപാകത

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ അങ്കണവാടി പോഷകാഹാരവും റ്റി.എച്ച്.ആർ.എസ് എന്ന പ്രോജക്ടിനായി (പ്രോജക്ട് നം:-S00 23/19) 12,00,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഫയലും അനുബന്ധരേഖകളും പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

ഐ.സി.ഡി.എസ് സൂപ്പർവൈസർ സ്റ്റോക്ക് രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല. തുടർച്ചയായ നമ്പരിട്ട പേജുകളോ ആധികാരികമായ രേഖപ്പെടുത്തലുകളോ ഒന്നും ഇല്ലാത്ത നോട്ട് ബുക്കുകളാണ് സ്റ്റോക്ക് രജിസ്റ്റർ ആയി ഉപയോഗിക്കുന്നത്. ബിൽ തുക ഉപയോഗിച്ച് വാങ്ങുന്ന അരി, പയർ, കടല എന്നിവയുടെ വിവരങ്ങൾ ഇൻവോയ്സ് നമ്പറോ, ബിൽ നമ്പറോ പോലും രേഖപ്പെടുത്താതെ ഏത് മാസം എന്ന് മാത്രം രേഖപ്പെടുത്തി 19 അങ്കണവാടികളിലേയ്ക്ക് വിതരണം നടത്തുന്നതിന്റെ വിവരം രേഖപ്പെടുത്തുകയും ആകെ വരവ് അതിനുതാഴെ രേഖപ്പെടുത്തുകയും മാത്രമാണ് ചെയ്യുന്നത്. കൂടാതെ 19 അങ്കണവാടികളിലേയും ഭക്ഷണ വിതരണ സാധനങ്ങളുടെ സ്റ്റോക്കും വിതരണവും പരിശോധിക്കുന്നതിനായി അനുപൂരകഭക്ഷണം -വിനിയോഗവും സ്ഥിതിവിവരകണക്കും എന്ന സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ ഒരു അങ്കണവാടിയിൽ പോലും ഇവ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല എന്ന് മനസ്സിലാക്കാൻ കഴിഞ്ഞു. എല്ലാ അങ്കണവാടികളിലും ലഭ്യമാകുന്ന ഭക്ഷ്യവസ്തുക്കൾ കൃത്യമായി രേഖപ്പെടുത്താത്തതായും പെൻസിൽ ഉപയോഗിച്ച് വളരെ അവ്യക്തമായും അശ്രദ്ധമായും രേഖപ്പെടുത്തുന്നതായും കണ്ടു. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 28.09.2019 ൽ നൽകിയ 19- ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് 2016 മുതൽ സൂപ്പർവൈസർമാർ ഉപയോഗിച്ചുവരുന്നതാണ് എന്നാണ് മറുപടി നൽകിയിട്ടുള്ളത്. ഫുഡ് സ്റ്റോക്ക് രജിസ്റ്റർ 2014 മുതൽ കേന്ദ്രസർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നതാണ് എന്നും അത് എഴുതുന്നതിനുള്ള പരിശീലനം അവർക്ക് നൽകിയിരുന്നു എന്നും അവർ അത് പഠിക്കുന്നതുവരെ പെൻസിൽ വച്ച് എഴുതിയാൽ മതി എന്ന് നിർദ്ദേശം നൽകിയിരുന്നതിനാലാണ് പെൻസിൽ ഉപയോഗിച്ച് എഴുതുന്നത് എന്നുമുള്ള നിർവ്വഹണ ഉദ്യോഗസ്ഥരുടെ മറുപടി അംഗീകരിക്കാവുന്നതല്ല. ആവശ്യമായ പരിശീലനം നൽകി സ്റ്റോക്ക് രജിസ്റ്ററുകൾ കാലികമാക്കി കൃത്യമായും വ്യക്തമായും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി സൂക്ഷിക്കേണ്ടതാണ്.

# 1-33 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- മെറ്റീരിയൽ പ്രവൃത്തികളിൽ കരാറുകാർക്ക് നിയമാനുസൃത കുറവ് വരുത്താതെ തുക അനുവദിച്ചു

മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2018-19-ലെ ആക്ഷൻപ്ലാനിൽ ഉൾപ്പെടുത്തി അംഗീകാരം വാങ്ങിയ 31മെറ്റീരിയൽ പ്രവൃത്തികൾക്ക് ആവശ്യമായ മെറ്റീരിയൽസ് വർക്ക്സൈറ്റിൽ സപ്ലൈ ചെയ്യുന്നതിന് ലഭിച്ച ക്വട്ടേഷനുകൾ

14.01.2019- ലെ II(I)-ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനം പ്രകാരം അംഗീകരിച്ചിട്ടുണ്ട്. 2018-19 വർഷം ആകെ 22 മെറ്റീരിയൽ പ്രവൃത്തികൾ നടപ്പാക്കിയിരുന്നു. ഇതിൽ സ്പിൽ ഓവർ പ്രവൃത്തികൾ 8 എണ്ണവും ഉൾപ്പെടുന്നു. മേൽ പ്രവൃത്തികൾ നടപ്പാക്കിയതിൽ കരാറുകാർക്ക് നിയമാനുസൃത കുറവുകൾ വരുത്താതെ തുക അനുവദിച്ചത് മൂലം അധിക ചെലവ് സംഭവിച്ചിട്ടുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

**1) CPWD സ്പെസിഫിക്കേഷന് പ്രകാരമുള്ള കുറവ് അളവിൽ രേഖപ്പെടുത്താതെ തുക അനുവദിച്ചു**

CPWD സ്പെസിഫിക്കേഷനിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ള പ്രവൃത്തികളിൽ കരാറുകാർ സപ്ലൈ ചെയ്യുന്ന ഗ്രാവലിന്റെ ലൂസ് സ്റ്റാക്ക് അളവിൽ നിന്നും 20% ഉം (Specification : 1- 27-1-1) ക്വാറിമക്കിന് മിനിമം 7.5% ഉം (Specification : 1- 27-2-3) കുറവു ചെയ്തതിനുശേഷമാണ് തുക അനുവദിക്കേണ്ടിയിരുന്നത്. എന്നാൽ 2018-19-ലെ മെറ്റീരിയൽ പ്രവൃത്തികളിൽ ടി വ്യവസ്ഥ പാലിച്ചതായി കാണുന്നില്ല. ആയത് താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിശദാംശം | കരാറുകാരൻ ലഭ്യമാക്കിയ മെറ്റീരിയലിന്റെ അളവ് (ഇൻവോയ്സ്/ പ്രകാരം) $m^3$ | | അനുവദിച്ച അളവും തുകയും (മെറ്റീരിയൽ ലിസ്റ്റ്,എം. ബുക്ക് എന്നിവ പ്രകാരം) (സ്റ്റാക്ക് ചെയ്തതിന് ശേഷം അളവെടുത്തത്) | അനുവദനീയമായ അളവ് ,തുക | അധികം നൽകിയ തുക |
|---|---|---|---|---|---|---|
| | | ഗ്രാവൽ ($m^3$) | ക്വാറിമക്ക് ($m^3$) | | | |
| 1 | വലിയ പറമ്പ് മെറ്റലിംഗ് റോഡ് വാർഡ്-5<br>കരാറുകാരൻ- മാത്യു വർഗീസ്<br>എം. ബുക്ക് നം.- 157/18-19<br>പ്രവൃത്തിമൂല്യം- 499912/-<br>ബിൽനം. 65/19.02.19<br>(427349/-) | 40.5 | 120 | ഗ്രാവൽ 39.5 $m^3$@<br>935/$m^3$<br>=36932 | 32.4 $m^3$@<br>935/$m^3$<br>=30294 | 6638 |
| | | | | ക്വാറിമക്ക്-120<br>$m^3$@1454.75/$m^3$<br>=174570 | 111<br>$m^3$@1454.75/$m^3$<br>=161477 | 13093 |
| 2 | ആലത്തറ മുതൽ പുളമൂട് വരെ നടപ്പാത കോൺക്രീറ്റ് വാർഡ്- 14<br>കരാറുകാരൻ- കെ. പ്രസന്നൻ<br>എം. ബുക്ക് നം.- 93/18-19<br>പ്രവൃത്തിമൂല്യം- 14,05,211/-<br>ബിൽ നം. 3-6, 8-10,12/25.01.19<br>(1089892/-) | - | 460.9 | 460.9$m^3$@1000/$m^3$<br>=460900 | 426.33$m^3$@1000/$m^3$<br>=426330 | 34570 |
| 3 | കരിയിൽപീടിക ഇടയിലപ്പറമ്പ് റോഡ് മെറ്റലിംഗ് -വാർഡ് 12<br>കരാറുകാരൻ- രവീന്ദ്രൻ എസ്.<br>എം. ബുക്ക് നം. 165/18-19<br>പ്രവൃത്തിമൂല്യം- 1196853/-<br>FTO No. 634427/31.03.19<br>(986226/-) | 65.12 | 431.53 | ഗ്രാവൽ 57.79 $m^3$@<br>935/$m^3$<br>=54034 | 52.10@935/$m^3$<br>=48714 | 5320 |
| | | | | ക്വാറിമക്ക്-430<br>$m^3$@1454.75/$m^3$<br>=625542 | 399.17<br>$m^3$@1454.75/$m^3$<br>=580693 | 44849 |
| 4 | ഉദയം പത്മവള്ളി കോളനി റോഡ് കോൺക്രീറ്റിംഗ് വാർഡ്-11<br>കരാറുകാരൻ- മാത്യു വർഗീസ് | - | 59.675 | 59.6<br>$m^3$@1454.75/$m^3$<br>=86703/- | 55.20$m^3$@1454.75/$m^3$<br>=80302/- | 6401 |

| | | | | | | |
|---|---|---|---|---|---|---|
| | എം.ബുക്ക് നം. 178/18-19<br>പ്രവൃത്തിമൂല്യം- 256177/-<br>FTO No. 634436/31.03.19<br>(208333/-) | | | | | |
| 5 | അജിമൻസിൽ-കലവറശ്ശേരിൽ റോഡ് മെറ്റലിംഗ് വാർഡ്- 4<br>കരാറുകാരൻ- മാത്യു വർഗീസ്<br>എം.ബുക്ക് നം. 160/18-19<br>പ്രവൃത്തിമൂല്യം- 197647/-<br>FTO No. 625163/28.03.19<br>(163650/-)<br>(163650/-) | 9.24 (കരാറുകാരൻ സമർപ്പിച്ച ബിൽ പ്രകാരം) | 73.30 | ഗ്രാവൽ 9 $m^3$@<br>935/$m^3$<br>=8415 | 7.392<br>935/$m^3$<br>=6912 | 1503 |
| | | | | ക്വാറിമക്ക്-73<br>$m^3$ @1454.75/$m^3$ =106197 | 67.80<br>$m^3$@1454.75/$m^3$ =98632 | 7565 |
| 6. | മണ്ണമ്പള്ളി മുതൽ വളവനാട്ട് നടപ്പാത കോൺക്രീറ്റിംഗ് വാർഡ്-9<br>കരാറുകാരൻ- മാത്യു വർഗീസ്<br>എം.ബുക്ക് നം. 154/18-19<br>പ്രവൃത്തിമൂല്യം-245709/-<br>FTO No. 615159/25.03.19<br>(202254/-) | - | 49.5 | 49.5$m^3$<br>@1454.75/$m^3$<br>=72010 | 45.79$m^3$<br>@1454.75/$m^3$ =66613 | 5397 |
| 7 | ഗിരീഷ്ഭവനം പുത്തൻ വീട്ടിൽ നടപ്പാത വാർഡ് -9<br>കരാറുകാരൻ- പ്രസന്നൻ കെ.<br>എം.ബുക്ക് നം. 02/18-19<br>പ്രവൃത്തിമൂല്യം-223574/-<br>FTO No. 48990/23.05.18<br>(175933/-) | - | 48.62 | 48.62$m^3$<br>@1000/$m^3$<br>=48620/- | 44.97$m^3$ @1000/$m^3$<br>=44970/- | 3650 |
| 8 | എൻ.എച്ച് ഷൈലാഭവനം നടപ്പാത വാർഡ് -15<br>കരാറുകാരൻ- മാത്യു വർഗീസ്<br>എം.ബുക്ക് നം. 146/18-19<br>പ്രവൃത്തിമൂല്യം-335741/-<br>FTO No. 625163/28.03.19<br>(274293/-) | - | 69.233 | 69.23$m^3$<br>@1454.75/$m^3$<br>=100712/- | 64.04$m^3$<br>@1454.75/$m^3$<br>=93162/- | 7550 |
| 9 | പനമുറ്റത്ത് പുത്തൻപുരയിൽ | - | 56.385 | 56.38$m^3$ | 52.16$m^3$ @1454.75/$m^3$ =75880/- | 6139 |

| | | | | | | |
|---|---|---|---|---|---|---|
| | നടപ്പാത നിർമ്മാണം വാർഡ്-9 കരാറുകാരൻ- മാത്യു വർഗീസ്<br>എം.ബുക്ക് നം. 153/18-19<br>പ്രവൃത്തിമൂല്യം-267659/-<br>FTO No. 615075/25.03.19<br>(215846/-) | | | @1454.75/$m^3$ =82019/- | | |
| 10 | പത്മവല്ലിക്കരയിൽ- പുത്തൻകരിയിൽ റോഡ് കോൺക്രീറ്റ് വാർഡ് 12<br>കരാറുകാരൻ- മാത്യു വർഗീസ്<br>എം.ബുക്ക് നം. 160/18-19<br>പ്രവൃത്തിമൂല്യം-390165/-<br>FTO No. 625163/28.03.19<br>(320280/-) | - | 89.76 | 89.76$m^3$<br>@1454.75/$m^3$ =130578/- | 83.03$m^3$<br>@1454.75/$m^3$ =120788/- | 9790 |
| 11 | വാലുപറമ്പിൽ പാതിരവെളി നടപ്പാത വാർഡ്-5<br>കരാറുകാരൻ- മാത്യു വർഗീസ്<br>എം.ബുക്ക് നം. 138/18-19<br>പ്രവൃത്തിമൂല്യം-164635/-<br>FTO No. 596318/16.02.19<br>(133440/-) | - | 38 | 37.8$m^3$<br>@1454.75/$m^3$ =54989/- | 35.15$m^3$ @1454.75/$m^3$ =51134/- | 3855 |
| 12 | ചെമ്പ്തോട് മുതൽമൂന്നതെങ്ങിൽ അമലിന്റെ വീട്ടു വരെ നടപ്പാത നിർമ്മാണം വാർഡ് 15<br>കരാറുകാരൻ- മാത്യു വർഗീസ്<br>എം.ബുക്ക് നം. 145/18-19<br>പ്രവൃത്തിമൂല്യം-190498/-<br>FTO No. 625163/28.03.19<br>(171087/-) | 9.995 | 111.57 | ഗ്രാവൽ 9.5 $m^3$@<br>935/$m^3$<br>=8882 | 8 $m^3$@<br>935/$m^3$<br>=7480 | 1402 |
| | | | | ക്വാറിമക്ക്- 111.5<br>$m^3$ @1454.75/$m^3$ =162205 | 103.20@1454.75/$m^3$ =150130 | 12075 |
| 13 | പത്മവള്ളി കോളനി റോഡ് കോൺക്രീറ്റിംഗ് വാർഡ്-11<br>കരാറുകാരൻ- മാത്യു വർഗീസ്<br>എം.ബുക്ക് നം. 171/18-19<br>പ്രവൃത്തിമൂല്യം-160088/-<br>FTO No. | - | 41.38 | 41.3$m^3$<br>@1454.75/$m^3$ =60081/- | 38.28$m^3$<br>@1454.75/$m^3$ =55688/- | 4393 |

| | | | | | | |
|---|---|---|---|---|---|---|
| | FTO No. 634422/31.03.19<br>(130268/-) | | | | | |
| 14 | തട്ടാരുപറമ്പിൽ-പനച്ചകുന്നിൽ നടപ്പാത കോൺക്രീറ്റിംഗ് വാർഡ് 12<br>കരാറുകാരൻ- മാത്യു വർഗീസ്<br>എം.ബുക്ക് നം. 165/18-19<br>പ്രവൃത്തിമൂല്യം-330291/-<br>FTO No. 625163/28.03.19<br>(275926/-) | - | 95.294 | $95.24m^3$<br>@1454.75/$m^3$<br>=138550/- | $88.15m^3$ @1454.75/$m^3$<br>=128236/- | 10314 |
| 15 | കൈതമൂലയിൽ പുത്തൻകുളങ്ങര ഇടറോഡ് കോൺക്രീറ്റിംഗ് വാർഡ്-11<br>കരാറുകാരൻ-സേതുനാഥ്<br>എം.ബുക്ക്നം. 72/18-19<br>പ്രവൃത്തിമൂല്യം-199139/-<br>FTO No. 445687/05.01.19<br>(157960/-) | - | 60.66 | $60.656m^3$<br>@1000/$m^3$<br>=60656/- | $56.11m^3$ @1000/$m^3$<br>=56110/- | 4546 |
| 16 | പുത്തൻകണ്ടത്തിൽ-കൊച്ചുവേലംപറമ്പ് നടപ്പാത കോൺക്രീറ്റ് വാർഡ് 4<br>കരാറുകാരൻ-മാത്യു വർഗീസ്<br>എം.ബുക്ക്നം. 161/18-19<br>പ്രവൃത്തിമൂല്യം-100709/-<br>FTO No. 625163/28.03.19<br>(80798/-) | - | 25.82 | $25.82m^3$<br>@1454.75/$m^3$<br>=37562/- | $23.88m^3$<br>@1454.75/$m^3$<br>=34739/- | 2823 |
| 17 | കുറ്റിത്തറ മണക്കത്ത് മണലിൽ നടപ്പാത കോൺക്രീറ്റ്- വാർഡ് 5<br>കരാറുകാരൻ-മാത്യു വർഗീസ്<br>എം.ബുക്ക്നം. 158/18-19<br>പ്രവൃത്തിമൂല്യം-493243/-<br>FTO No. 599418/18.03.19<br>(390622/-) | - | 70 | $69.6m^3$<br>@1454.75/$m^3$<br>=101251/- | $64.75m^3$<br>@1454.75/$m^3$<br>=94195/- | 7056 |
| 18 | കിഴക്കേടത്ത് നടപ്പാത കോൺക്രീറ്റിംഗ് വാർഡ്-9 | - | 101.101 | $101.101m^3$<br>@1454.75/$m^3$<br>=147077/- | $93.52m^3$<br>@1454.75/$m^3$<br>=136048/- | 11029 |

| | | | | | | |
|---|---|---|---|---|---|---|
| | കരാറുകാരൻ-മാത്യു വർഗീസ്<br>എം.ബുക്ക്നം. 155/18-19<br>പ്രവൃത്തിമൂല്യം-327035/-<br>FTO No. 615101/25.03.19<br>(275243/-) | | | | | |
| 19 | രാജിഭവനം-വളവനാട്ട് നടപ്പാത കോൺക്രീറ്റ് വാർഡ്- 4<br>കരാറുകാരൻ-മാത്യു വർഗീസ്<br>എം.ബുക്ക്നം. 162/18-19<br>പ്രവൃത്തിമൂല്യം-263567/-<br>FTO No. 625163/28.03.19<br>(221616/-) | - | 67.306 | $67.3m^3$ @$1454.75/m^3$ =97905/- | $62.26m^3$ @$1454.75/m^3$ =90573/- | 7332 |
| 20 | മാവേലി മുതൽ തെക്കോട്ട് നടപ്പാത കോൺക്രീറ്റ് വാർഡ് 9<br>കരാറുകാരൻ-കെ. പ്രസന്നൻ<br>എം.ബുക്ക്നം. 01/18-19<br>പ്രവൃത്തിമൂല്യം-490488/-<br>FTO No. 48992/23.05.18<br>(393474/-) | - | 123.78 | $123.78m^3$ @$1000/m^3$ =123780/- | $114.50m^3$ @$1000/m^3$ =114500/- | 9280 |
| | | | | | **ആകെ** | **226570** |

**2)ജി.എസ്.റ്റി. 2% റ്റി.ഡി.എസ് ആയി കുറവ് ചെയ്തില്ല**

തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി വാങ്ങുന്ന സാധന സാമഗ്രികളുടെ കരാർ തുക 2.5 ലക്ഷത്തിനുമേൽ കൂടുതലാണെങ്കിൽ ജി.എസ്.ടി. 2% ഉത്തവത്തിൽ കുറവ് ചെയ്യണമെന്നിരിക്കെ അപ്രകാരം ജി.എസ്.റ്റി. തുക കരാറുകാരിൽ നിന്നും ഈടാക്കിയിട്ടില്ല. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിശദാംശം | റ്റി.ഡി.എസ് ആയി ഈടാക്കേണ്ടിയിരുന്ന ജി.എസ്.റ്റി (2%) |
|---|---|---|
| 1 | വലിയ പറമ്പ് മെറ്റലിംഗ് റോഡ് വാർഡ്-5<br>കരാറുകാരൻ- മാത്യു വർഗീസ്<br>എം. ബുക്ക് നം.- 157/18-19<br>പ്രവൃത്തിമൂല്യം- 499912/-<br>ബിൽനം. 65/19.02.19<br>മെറ്റീരിയൽ ഇനത്തിൽ കരാറുകാരന് നൽകിയ തുക- 427349/- | 8547/- |
| 2 | ആലത്തറ മുതൽ പുളമൂട് വരെ നടപ്പാത കോൺക്രീറ്റ് വാർഡ്- 14<br>കരാറുകാരൻ- കെ. പ്രസന്നൻ<br>എം. ബുക്ക് നം.- 93/18-19<br>പ്രവൃത്തിമൂല്യം- 14,05,211/-<br>ബിൽ നം. 3-6, 8-10,12/25.01.19<br>മെറ്റീരിയൽ ഇനത്തിൽ കരാറുകാരന് നൽകിയ തുക-1089892/- | 21798/- |
| 3 | കരിയിൽപീടിക ഇടയിലപ്പറമ്പ് റോഡ് മെറ്റലിംഗ് -വാർഡ് 12<br>കരാറുകാരൻ- രവീന്ദ്രൻ എസ്.<br>എം. ബുക്ക് നം. 165/18-19<br>പ്രവൃത്തിമൂല്യം- 1196853/-<br>FTO No. 634427/31.03.19<br>മെറ്റീരിയൽ ഇനത്തിൽ കരാറുകാരന് നൽകിയ തുക- 986226/- | 19725/- |
| 4 | എൻ.എച്ച് ഷൈലാഭവനം നടപ്പാത വാർഡ് -15<br>കരാറുകാരൻ- മാത്യു വർഗീസ്<br>എം.ബുക്ക് നം. 146/18-19<br>പ്രവൃത്തിമൂല്യം-335741/-<br>FTO No. 625163/28.03.19<br>മെറ്റീരിയൽ ഇനത്തിൽ കരാറുകാരന് നൽകിയ തുക-274293/- | 5486 |
| 5 | പത്തവല്ലിക്കരയിൽ-പുത്തൻകരിയിൽ റോഡ് കോൺക്രീറ്റ് വാർഡ് 12<br>കരാറുകാരൻ- മാത്യു വർഗീസ്<br>എം.ബുക്ക് നം. 160/18-19<br>പ്രവൃത്തിമൂല്യം-390165/-<br>FTO No. 625163/28.03.19<br>മെറ്റീരിയൽ ഇനത്തിൽ കരാറുകാരന് നൽകിയ തുക-320280/- | 6406/- |
| 6 | തട്ടാരുപറമ്പിൽ-പനച്ചകുന്നിൽ നടപ്പാത കോൺക്രീറ്റിംഗ് വാർഡ് 12<br>കരാറുകാരൻ- മാത്യു വർഗീസ്<br>എം.ബുക്ക് നം. 165/18-19<br>പ്രവൃത്തിമൂല്യം-330291/-<br>FTO No. 625163/28.03.19<br>മെറ്റീരിയൽ ഇനത്തിൽ കരാറുകാരന് നൽകിയ തുക-275926/- | 5519/- |

| | | |
|---|---|---|
| 7 | കുറ്റിത്തറ മണക്കത്ത് മണലിൽ നടപ്പാത കോൺക്രീറ്റ്- വാർഡ് 5<br>കരാറുകാരൻ-മാത്യു വർഗീസ്<br>എം.ബുക്ക്നം. 158/18-19<br>പ്രവൃത്തിമൂല്യം-493243/-<br>FTO No. 599418/18.03.19<br>മെറ്റീരിയൽ ഇനത്തിൽ കരാറുകാരന് നൽകിയ തുക-390622/- | 7812 |
| 8 | മണക്കത്ത് മണലിൽ കൊപ്പാറ നടപ്പാത കോൺക്രീറ്റ് വാർഡ് - 5<br>കരാറുകാരൻ-മാത്യു വർഗീസ്<br>എം.ബുക്ക്നം. 139/18-19<br>പ്രവൃത്തിമൂല്യം-494329/-<br>FTO No. 61449/25.03.19<br>മെറ്റീരിയൽ ഇനത്തിൽ കരാറുകാരന് നൽകിയ തുക-395943/- | 7919 |
| 9 | കിഴക്കേടത്ത് നടപ്പാത കോൺക്രീറ്റിംഗ് വാർഡ്-9<br>കരാറുകാരൻ-മാത്യു വർഗീസ്<br>എം.ബുക്ക്നം. 155/18-19<br>പ്രവൃത്തിമൂല്യം-327035/-<br>FTO No. 615101/25.03.19<br>മെറ്റീരിയൽ ഇനത്തിൽ കരാറുകാരന് നൽകിയ തുക-275243/- | 5505 |
| 10 | മാവേലി മുതൽ തെക്കോട്ട് നടപ്പാത കോൺക്രീറ്റ് വാർഡ് 9<br>കരാറുകാരൻ-കെ. പ്രസന്നൻ<br>എം.ബുക്ക്നം. 01/18-19<br>പ്രവൃത്തിമൂല്യം-490488/-<br>FTO No. 48992/23.05.18<br>മെറ്റീരിയൽ ഇനത്തിൽ കരാറുകാരന് നൽകിയ തുക-393474/- | 7869 |
| | **ആകെ** | **96586/-** |

മേൽ കാര്യങ്ങളിന്മേൽ ആവശ്യമായ വിശദീകരണം ലഭ്യമാക്കുവാൻ ആരാഞ്ഞ് നൽകിയ ഓഡിറ്റന്വേഷണത്തിന് മെഷർമെന്റിൽ കുറവ് ചെയ്യുന്നത് സംബന്ധിച്ച് നിർദ്ദേശം ലഭിച്ചിട്ടില്ലായെന്നും ജി.എസ്.റ്റി. ബില്ലിൽ കുറവ് ചെയ്യുന്നതിന് സോഫ്റ്റ്‌വെയറിൽ ഇതിനുള്ള സൌകര്യം ഏർപ്പെടുത്തിയിട്ടില്ലായെന്നുമാണ് അക്രെഡിറ്റഡ് എഞ്ചിനിയർ മറുപടി ലഭ്യമാക്കിയിട്ടുള്ളത്. എന്നാൽ ടി മറുപടി അപാകതകളെ സാധൂകരിക്കുന്നതല്ല.

എന്നാൽ സപ്ലൈ ചെയ്യുന്ന സാധനങ്ങൾ സി.പി.ഡബ്ല്യു.ഡി. സ്പെസിഫിക്കേഷൻ പ്രകാരമുള്ള കിഴിവ് വരുത്തി എം ബുക്കിൽ രേഖപ്പെടുത്തിആയത് പ്രകാരമാണ് കരാറുകാർക്ക് തുക നൽകേണ്ടിയിരുന്നത്. കൂടാതെ 30.07.2019-ലെ 957/ഇ.ജി.എസ് -സി/16/ആർ.ഇ.ജി.എസ് നമ്പർ സർക്കുലറിൽ ജി.എസ്.റ്റി. കുറവ് ചെയ്യുന്നതിനുള്ള സൗകര്യം എം.ഐ.എസിൽ ലഭിക്കുന്നത് വരെ ജി.എസ്.റ്റി. തുക സപ്ലൈയർ ഗ്രാമപഞ്ചായത്തിൽ നേരിട്ടടക്കണമെന്നുറപ്പാക്കി ബിൽ സെറ്റിൽ ചെയ്യണമെന്നും അങ്ങനെ അടക്കുന്ന ജി.എസ്.റ്റി തുക ഗ്രാമപഞ്ചായത്ത് സെക്രട്ടറി ജി.എസ്.റ്റി. വകുപ്പിൽ യഥാസമയം അടവാക്കണമെന്നും സ്പഷ്ടീകരിക്കപ്പെട്ടിട്ടുള്ളതാണ്. ആയതിനാൽ ടി മറുപടി അംഗീകരിക്കാവുന്നതല്ല.

മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ ക്രമ നം.(1) പ്രകാരം അധികച്ചെലവ് 226570/- രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ക്രമനം.(2) പ്രകാരം സർക്കാരിന് ടാക്സ് ഇനത്തിൽ സംഭവിച്ച നഷ്ടം കരാറുകാരിൽ നിന്നും ഈടാക്കാനുള്ള നടപടി സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-34 ഓഡിറ്റ് ഇംപാക്ട്- കരാറുകാരൻ അംഗീകരിച്ച കുറവ്

# നിരക്ക് ബില്ലിൽ കിഴിച്ചില്ല- ഓഡിറ്റന്വേഷണത്തെ തുടർന്ന് തുക തിരിച്ചടച്ചു

കടുവൻകുളങ്ങര മാർത്തോമപള്ളി റോഡ് ടാറിംഗ് എന്ന പ്രോജക്ട് നിർവ്വഹണത്തിനായി ടെണ്ടർ ക്ഷണിച്ചതിൽ 16.11.2017-ൽ ശ്രീ രാജൻ, ശ്രീ. പി. ശ്രീവല്ലഭൻ എന്നീ കരാറുകാർ എസ്റ്റിമേറ്റ് നിരക്കിൽ നിന്നും 5.89% കുറവ് ക്വാട്ട് ചെയ്തിരുന്നു. രണ്ടുപേരും ഒരേ നിരക്ക് ക്വാട്ട് ചെയ്തതിനാൽ കരാറുകാരുമായി നിരക്ക് നെഗോസിയേഷൻ നടത്തുവാൻ അസി. എഞ്ചിനിയറെ ചുമതലപ്പെടുത്തി പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചു. (തീരുമാനം നം. I(F) തീ: 23.11.2017).ആയത് പ്രകാരം അസി. എഞ്ചിനീയർ പ്രസ്തുത കരാറുകാർക്ക് കത്ത് നൽകിയതിൽ ശ്രീ ശ്രീവല്ലഭൻ എസ്റ്റിമേറ്റ് നിരക്കിൽ നിന്നും 6.91 % കുറഞ്ഞ നിരക്കിലും ശ്രീ.രാജൻ എസ്റ്റിമേറ്റ് നിരക്കിൽ നിന്നും 6.89 % കുറഞ്ഞ നിരക്കിലും പ്രവൃത്തി ചെയ്തുകൊള്ളാമെന്ന് കത്ത് മുഖേന അറിയിച്ചിട്ടുണ്ട്. എന്നാൽ പ്രോജക്ട് രേഖകൾ പരിശോധിച്ചതിൽ കരാറുകാരനായ ശ്രീ.ശ്രീവല്ലഭന്റെ ബില്ലിൽ നിന്നും ടിയാൾ അംഗീകരിച്ച 6.91% കിഴിവ് ചെയ്യുന്നതിന് പകരം നിന്നും ടെണ്ടർ കിഴിവായി 5.89% മാത്രമാണ് ബില്ലിൽ കിഴിവ് ചെയ്തിട്ടുള്ളത്. ഇത് അധികചെലവിനിടയാക്കിയിട്ടുണ്ട്. ആയതിന്മേൽ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടതിനെ തുടർന്ന് കരാറുകാരനിൽ നിന്നും അധികം നൽകിയ തുക 6824/- രൂപ ഈടാക്കി പഞ്ചായത്തിൽ അടച്ചിട്ടുണ്ട്. (രസീത് നം. 168750/01.10.2019). ടി തുക വികസനഫണ്ട്-ധനകാര്യകമ്മീഷൻ ഗ്രാന്റ് ഹെഡിൽ ട്രഷറിയിൽ തിരികെ ഒടുക്കി ചെലാൻ പകർപ്പ് ഹാജരാക്കേണ്ടതാണ്.

<u>പ്രോജക്ട് വിശദാംശം</u>

പ്രോ നം. 89/19

അടങ്കൽ: 669000/-(ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ചെലവ്: 588346/-(ബിൽ നം.03/18-19 / 31.05.18)

എം. ബുക്ക് നം. 12/17-18

കരാർ നം. 10/AE/17-18/LSGD/ dt: 05.12.2017

പ്രവൃത്തിമൂല്യം-625168/- ടെണ്ടർ കിഴിവ്- (5.89%)- 36822
IT- 5883 KCWWF- 5883 Revenue- 3750(Cost of Empty Barrel)
കരാറുകാരന് നൽകിയ തുക- 572830/-(Bank A/C no. 13960100003623 online transfer)

## ഭാഗം -2
## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

ഇല്ല.

## ഭാഗം -3
## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 650000 | പാലിന് സബ്സിഡി | 650000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 100000 | അങ്കണവാടി പോഷകാഹാരം | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 100000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 100000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 1177373 | ലൈഫ് ഭവന പദ്ധതി | 1120000 | 57373 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 1132238 | ലൈഫ് ഭവന പദ്ധതി | 1120000 | 12238 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 300000 | പാലിയേറ്റീവ് കെയർ | 299956 | 44 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 500000 | ബഡ്സ് സ്കൂൾ പാലം നിർമ്മാണം | 500000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 1500000 | ആധുനിക ശ്മശാനം നിർമ്മാണം | 0 | 1500000 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 580000 | അങ്കണവാടി കെട്ടിട നിർമ്മാണം | 0 | 580000 |

സംയുക്ത പ്രോജക്ടുകളുടെ വിഭവ വിനിയോഗം സംബന്ധിച്ച ധനകാര്യവകുപ്പിന്റെ 23.01.2017-ലെ ജി.ഒ(പി) നം. 07/2017/ധന നമ്പർ ഉത്തരവിലെ വ്യവസ്ഥകൾ ഗ്രാമപഞ്ചായത്തിൽ പാലിച്ചിട്ടില്ല എന്നു കാണുന്നു. ഗ്രാമപഞ്ചായത്തിൽ സംയുക്ത പ്രോജക്ടുകൾക്കായി 2018-19 വർഷം ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച തുകയിൽ 2149650/- രൂപ സാമ്പത്തിക വർഷാവസാനം വിനിയോഗിക്കപ്പെട്ടിട്ടില്ല. പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശാനുസരണം സംയുക്തപ്രോജക്ടിൽ ഏർപ്പെടുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തമ്മിൽ കരാറിൽ ഏർപ്പെടുന്നില്ല. പ്രസ്തുത ഉത്തരവ് പ്രകാരം സംയുക്ത പ്രോജക്ടിൽ പങ്കാളിയാകുന്ന തദ്ദേശസ്വയംഭരണ സ്ഥാപനം, നിർവ്വഹണം നടത്തുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പേരിലുള്ള സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ടിലേക്ക് സെപ്റ്റംബർ 30 -നകം ഒറ്റ ഇൻസ്റ്റാൾമെന്റ് ആയി തുക അനുവദിക്കേണ്ടതാണ്. നിർവ്വഹണം നടത്തുന്ന തദ്ദേശസ്വയംഭരണ സ്ഥാപനം ഫെബ്രുവരി അവസാന ആഴ്ച പ്രോജക്ടിന്റെ പുരോഗതി വിലയിരുത്തേണ്ടതും ഏതെങ്കിലും കാരണത്താൽ തുക വിനിയോഗിക്കാൻ കഴിയില്ല എന്നു ബോദ്ധ്യപ്പെട്ടാൽ തുക മറ്റ് പ്രോജക്ടുകളിൽ വിനിയോഗിക്കുന്നതിനായി വിഹിതം നൽകിയ സ്ഥാപനത്തിന് ഫെബ്രുവരി 28-നകം തിരികെ നൽകേണ്ടതുമാണ്. മാർച്ച് 31-ന് വിനിയോഗിക്കാതെ അവശേഷിക്കുന്ന തുക സർക്കാരിലേക്ക് തിരികെ അടവാക്കേണ്ടതും (uncashed cheque നു തുല്യമായ തുക കഴിച്ച്) സാമ്പത്തിക വർഷം നടപ്പാക്കാനാകാതെ സ്പിൽ ഓവർ ആയി തുടരുന്ന പ്രോജക്ട് സംബന്ധിച്ച വിവരം വിഹിതം നൽകുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തെ അറിയിക്കേണ്ടതും അടുത്ത സാമ്പത്തിക വർഷം സ്പിൽ ഓവർ പ്രോജക്ടുകൾക്കായി ലഭിക്കുന്ന അലോട്ട്മെന്റിൽ നിന്ന് ഫണ്ട് കണ്ടെത്തേണ്ടതുമാണ്. സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണ സംബന്ധമായി സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

**4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ**

ഇല്ല

**4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ**

ഇല്ല

**4-5 വായ്പ / വായ്പാതിരിച്ചടവ്**

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 19759325രൂപ വരവുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവനം | സ.ഉ (സാധാ) നം. 562/2010 22.02.2010 | 11787000 | 910491 | 910491 | | 0 |
| KURDFC | ലഭ്യമായില്ല | 19759325 | 19759325 | 0 | 0 | 19759325 |

**4-5 സ്ഥിര നിക്ഷേപം**

ഇല്ല

**4-6 ഓഡിറ്റ് റിക്കവറി**

ഈയിനത്തിൽ തൻവർഷം ലഭിച്ച 20/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 1997-98 | 2(3) | 20 | രേണ. ആർ | 118200101807/14.08.2018 |

**4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്**

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| 1999-00 | 2003-04 | പബ്ലിക് മാർക്കറ്റ് റോഡ് ഗ്രാവലിംഗ് | അക്കൗണ്ട്സ് കമ്മറ്റി തീരുമാനം അറിയിച്ചിട്ടില്ല |
| 1999-00 | 2003-04 | നികുതി പിരിവ്- പിഴപ്പലിശ ഈടാക്കിയിട്ടില്ല | |
| 1999-00 | 2003-04 | താറാവ് വിതരണം | |
| 2000-01 | 2003-04 | വനിതകൾക്ക് കമ്പ്യൂട്ടർ പരിശീലനം | |
| 2000-01 | 2003-04 | വനിത സ്വയംസഹായ സംഘങ്ങൾക്ക് ധനസഹായം | |
| 2000-01 | 2003-04 | മെതിയന്ത്രം രസീതില്ല | |
| 2015-16 | 2016-17 | തൊഴിൽനികുതി | 10.08.2018-ലെ X(1) തീരുമാനപ്രകാരം മറുപടി നൽകി |

**4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം**

ഇല്ല

**4-9 ഓഡിറ്റ് പ്രത്യവലോകനം**

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 85105195 |

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 68306322 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 349407 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1908360 |

**(ബി).** <u>ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 1-26 | | 5873<br>20378 | വിജി.വി, അസിസ്റ്റന്റ് എഞ്ചിനീയർ<br>ഹണി.എ, അസിസ്റ്റന്റ് എഞ്ചിനീയർ |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 50000 | ശ്രീമതി.ആർ.ഗംഗാദേവി,<br>കൃഷി ഓഫീസർ |
| 1-18 | 5000 | ശ്രീമതി.ഷാനിദ, എച്ച്.എം |
| 1-19 | 22825 | ശ്രീമതി.ഷാനിദ, എച്ച്.എം |
| 1-20 | 300000 | ശ്രീമതി.ദീപ്തി നായർ, സെക്രട്ടറി |
| 1-21(1) | 63950 | ഡോ.അനീഷ് പി,മെഡിക്കൽ ഓഫീസർ,<br>ഹോമിയോ |
| 1-21(2) | 40558 | ഡോ.ആർ ശ്രീജ,മെഡിക്കൽ ഓഫീസർ,<br>ആയുർവേദം |
| 1-21(3) | 465067 | ഡോ.അഞ്ജു ശ്രീധരൻ, മെഡിക്കൽ ഓഫീസർ,<br>പി.എച്ച്.സി |
| 1-22 | 187500 | ശ്രീമതി.ആർ.ഗംഗാദേവി,<br>കൃഷി ഓഫീസർ |
| 1-25 | 100000 | ശ്രീമതി.ഷാമില എൻ, അസി. സെക്രട്ടറി |
| 1-27 | 14250 | ശ്രീമതി.ആർ.ഗംഗാദേവി,<br>കൃഷി ഓഫീസർ |
| 1-28 | 30028 | ഡോ.അഞ്ജു ശ്രീധരൻ,<br>മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 1-31(1) | 29182 | ശ്രീമതി.ഷാമില.എൻ, സെക്രട്ടറി |
| 1-31(2) | 600000 | ശ്രീമതി.ഷാനിദ,എച്ച്.എം |
| **ആകെ** | **1908360** | |

**(സി)** <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക | തുക |
|---|---|

| | |
|---|---|
| നമ്പർ | |
| 1-33 | 274863/-(226570 + 48293)<br>കേന്ദ്ര സർക്കാരിനുണ്ടായ നഷ്ടം |
| 1-33 | 48293/- സംസ്ഥാന സർക്കാരിനുണ്ടായ നഷ്ടം |

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

-ഇല്ല-

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| വിജി. വി, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ കുമാരപുരം ഗ്രാമ പഞ്ചായത്ത് | വാസന്തി നിവാസ്, ചിറയിൻകീഴ്, തിരുവനന്തപുരം |
| ഹണി. എ, അസിസ്റ്റന്റ് എഞ്ചിനീയർ | മുനിസിപ്പൽ എഞ്ചിനീയർ, കരുനാഗപ്പള്ളി നഗരസഭ | കൊച്ചുപുത്തൻവീട്, പ്രകാശ് ഭവനം, ഇരവിപുരം, കൊല്ലം- 691011 |
| ആർ ഗംഗാദേവി,കൃഷി ഓഫീസർ | സർവ്വീസിൽ നിന്നും വിരമിച്ച | പനമൂട്ടിൽ, ആയാണിവെളി, കുളങ്ങര നോർത്ത്, ഹൗസ് നം.101, ബാപ്പുജി നഗർ, എസ്.വി. മാർക്കറ്റ് പി.ഒ., കരുനാഗപ്പള്ളി |
| ഷാനിദ, എച്ച്.എം | എച്ച്.എം., ഗവ.എൽ.പി.എസ്., കുമാരപുരം | സിത്താര, പുന്നപ്ര പി ഒ, ആലപ്പുഴ |
| ദീപ്തി നായർ, സെക്രട്ടറി | സെക്രട്ടറി, കരുവാറ്റ ഗ്രാമ പഞ്ചായത്ത് | പുത്തൻകണ്ടത്തിൽ, മുതുകുളം സൗത്ത് പി.ഒ. – 690506 |
| ഡോ.അനീഷ് പി,മെഡിക്കൽ ഓഫീസർ, ഹോമിയോ | മെഡിക്കൽ ഓഫീസർ, ഹോമിയോ ഡിസ്പെൻസറി, കരുവാറ്റ | ഹിൽ വ്യൂ കോട്ടേജ്, മാരിയോട്, ചെങ്കുളം പി ഒ, കൊല്ലം |
| ഡോ.ആർ ശ്രീജ,മെഡിക്കൽ ഓഫീസർ, ആയുർവേദം | മെഡിക്കൽ ഓഫീസർ, ആയുർവേദ ഡിസ്പെൻസറി, കരുവാറ്റ | അമൃതം, സനാതനപുരം പി ഒ, ആലപ്പുഴ |
| ഡോ.അഞ്ജു ശ്രീധരൻ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി., കരുവാറ്റ | ബംഗ്ലാവിൽ വീട്, കോമന, അമ്പലപ്പുഴ |

| | | |
|---|---|---|
| ശ്രീമതി.ഷാമില.എൻ, സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, കരുവാറ്റ ഗ്രാമപഞ്ചായത്ത് | ദാറുസ്സലാം, ഡാണാപ്പടി, മണ്ണാറശാല.പി.ഒ, ഹരിപ്പാട് |

**4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ**

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-1998 ചെലവ് | എൽ.എഫ്.ജി.എ.5.1832/2011/ 04.02.12 |
| 1998-1999 ചെലവ് | എൽ.എഫ്.ജി.എ.5.1832/2011/ 03.02.12 |
| 2000-2001 ചെലവ് | എൽ.എഫ്.ജി.എ.5.1832/2011/ 04.02.12 |
| 2002-2003 | എൽ.എഫ്.ജി.എ.5.1832/2011/ 04.02.12 |
| 2003-2004 | എൽ.എഫ്.ജി.എ.5.1832/2011/ 04.02.12 |
| 2004-2005 | എൽ.എഫ്.ജി.എ.5.1832/2011/ 04.02.12 |
| 2005-2006 | എൽ.എഫ്.ജി.എ.5.1832/11/2011/ 04.02.12 |
| 2006-2007 | എൽ.എഫ്.ജി.എ.5.1577/2013/ 14.05.2014 |
| 2007-2008 | എൽ.എഫ്.ജി.എ.5.1577/2013/ 14.05.2014 |
| 2008-2009 | എൽ.എഫ്.ജി.എ.5.1577/2013/ 14.05.2014 |
| 2009-2010 | എൽ.എഫ്.ജി.എ.5.1577/2013/ 14.05.2014 |
| 2010-2011, 2011-2012 | എൽ.എഫ്.എപി3-1399/2012/14.07.2014 |
| 2012-2013 | എൽ.എഫ്.എപി3-09/2014/21.03.2015 |
| 2013-2014 | എൽ.എഫ്.എപി3-550/15/ 03.06.2015 |
| 2014-2015 | കെ.എസ്.എ/എഎൽ.പി/പി3-629/16/07.07.2017 |
| 2015-16 | കെ.എസ്.എ/എഎൽ.പി/പി3-730/17/15.01.2017 |
| 2016-17 | കെ.എസ്.എ/എഎൽ.പി/പി3-615/17/20.12.2017 |
| 2017-18 | കെ.എസ്.എ/എഎൽ.പി/പി3-1496/2018/05.01.2019 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ആലപ്പുഴ.

# അനുബന്ധം 1

നം.കെ.എസ്.എ–എ.എൽ.പി/പി3-1032/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്, ആലപ്പുഴ
തീയതി:28.12.2019

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ

ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കരുവാറ്റ ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ല ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

# അനുബന്ധം 2

| | | |
|---|---|---|
| 1. | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2. | ഇൻകം & എക്സ്പെൻഡിച്ചർ | |
| 3. | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ